KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 31 / Issue: 1 January 2020 ₹ :15/-



# 2nd Death Anniversary

18-01-2020



# CHEV. K. M. JOSEPH

**Kalayithra, Bangalore**

**07-09-1935** **18-01-2018**

**" Walk hand in hand with through this day,**
**I have lovingly planned every inch of the way"**

**Sorrowing Family**

Advt - O

# ക്നാനായ ദീപം

SINCE 1989

2020 ജനുവരി പുസ്തകം 31 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

അസ്സോസിയേഷൻ നോട്ടീസ് 08

പ്രസംഗദീപം 09
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ

പ്രൊഫ. ടോണി മാത്യു ധന്യമീ ജീവിതം 10
ഏബ്രഹാം കല്ലിശ്ശേരി

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

കരിയർ: മത്സരം ഇനി സ്മാർട്ട് യന്ത്രങ്ങളോട് 18
ഡോ. സുനിൽ ഡി. കുരുവിള

മനുഷ്യപുത്രനായ യേശു 20
പ്രൊഫ. പി. കെ. സ്കറിയ

കാൽപ്പാടുകൾ 22
എബി

23 കോപം
സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ

24 കവിത - ജീവിതം ചിട്ടപ്പെടുത്തു
ജെയിനമ്മ മർക്കോസ്

25 മിസ്സിസ് ഇന്ത്യ ഗ്ലോബൽ സൗന്ദര്യകിരീടം
ആലിച്ചൻ ആറൊന്നിൽ

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

39 ക്നാനായ വിവാഹ ആചാരങ്ങൾ
എഞ്ചിനീയർ റ്റി. എം. തോമസ്

41 മല്പാനോടു ചോദിക്കാം

43 മാട്രിമോണിയൽ


**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Visit www.knanayadeepam.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

2020 പിറന്നുകഴിഞ്ഞ് ദിവസങ്ങൾ പിന്നിട്ടു കഴിഞ്ഞു. പുതുവർഷപ്പിറവിയിൽ കൈക്കൊണ്ട തീരുമാനങ്ങൾ പലതും ഇതിനകം പലരും ലംഘിച്ചിട്ടുണ്ടാകും. മനുഷ്യന് പലപ്പോഴും തീരുമാനങ്ങൾ എടുക്കാനല്ലാതെ നടപ്പാക്കുവാൻ കഴിയാറില്ല. പലരും പുതിയ ഡയറിയുടെ പുത്തൻ പേജിൽ തന്നെ എഴുതും "ഞാൻ ഇന്നു മുതൽ തെറ്റുകൾ ചെയ്യാതെ ജിവിക്കും". പക്ഷേ 24 മണിക്കൂർ പിന്നിടുന്നതിനുമുമ്പ് ആദ്യത്തെ ഉത്സാഹം കെട്ടടങ്ങിക്കാണും. ആവേശം തണുത്ത് തീരുമാനങ്ങളിൽ അല്പം അയവു വന്നുതുടങ്ങും. എന്താണിതിന്റെ കാരണം? നല്ലവനായി ജീവിക്കുവാൻ മനുഷ്യന് ആഗ്രഹമില്ലാഞ്ഞിട്ടല്ല, പക്ഷേ സാധാരണയായി ആഗ്രഹം നടപ്പാക്കുവാനുള്ള കരുത്തില്ലെന്നു മാത്രം. പക്ഷെ ബലഹീനത സമ്മതിച്ചതുകൊണ്ട് പരിഹാരമാകുന്നില്ലല്ലോ. കുമ്പസാരിച്ച് തെറ്റ് ഏറ്റു പറയുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല. പകരം ശരിയായ മാനസാന്തരത്തിന്റെ അനുഭവം പ്രാപിച്ചെങ്കിലേ പറ്റുകയുള്ളൂ.

ഇന്ന് മാനസാന്തരം എന്ന പദത്തിന് വിശ്വാസികളുടെ ഇടയിൽ പ്രസക്തി വളരെ നഷ്ടപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെടാത്തവർക്കുമാത്രം ബാധകമായിട്ടുള്ള ഒരു വാക്കായി അതിനെ പലരും തെറ്റിദ്ധരിച്ചിരിക്കുകയാണ്. മാനസാന്തരം എന്നാൽ യഥാർത്ഥത്തിൽ വസ്തുവകകളോടുള്ള മനോഭാവത്തിന് അന്തരം വരിക എന്നതാണ്. ആ അർത്ഥത്തിൽ നോക്കിയാൽ എല്ലാവരുംതന്നെ നിരന്തരം മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു എന്നതിന് സംശയമില്ല. യഥാർത്ഥമായ മാനസാന്തരത്തിനു തയ്യാറായെങ്കിൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയുള്ളൂ. ഇന്ന് പരി. സഭയ്ക്ക് മിക്കവാറും പ്രശ്നങ്ങൾ വെളിയിൽ നിന്നല്ല എന്നത് ഏവർക്കുമറിയാവുന്ന പരമാർത്ഥമാണ്. യരിഹോ കോട്ടയെ നിഷ്പ്രയാസം കീഴടക്കിയ യിസ്രായേൽ ജനത്തിന് യരിഹോയേക്കാൾ ശക്തികുറഞ്ഞതും ചെറുതുമായ ഹായിപട്ടണം പിടിക്കുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല തോൽവിയുടെ കയ്പുനീർ കുടിക്കുകയായിരുന്നു ഫലം. ഇന്നായിരുന്നുവെങ്കിൽ പടനായകന്മാർ സൈന്യത്തിന്റെ സംഖ്യ വർദ്ധിപ്പിച്ച് രണ്ടാമത് ഒരു ശ്രമം കൂടി നടത്തുമായിരുന്നു. പ്രവർത്തനരീതിയും പ്രസംഗശൈലിയും മാറ്റിയതുകൊണ്ട് പ്രയോജനം ഉണ്ടാകുകയില്ല. പ്രതിഷേധ യോഗങ്ങൾ ഭദ്രാസനതലത്തിൽ നടത്തി നുണപ്രചരണം നടത്തിയാലും സർക്കാരിനെ വെല്ലുവിളിച്ചാലും പ്രശ്നം പരിഹരിക്കപ്പെടുകയില്ല. സഭയ്ക്കകത്തുതന്നെ ഒരു ശുദ്ധീകരണത്തിനുള്ള കാലം വളരെ അതിക്രമിച്ചു കഴിഞ്ഞു. പാളയത്തിനകത്ത് ശപഥാർപ്പിത വസ്തുക്കളും ആഖാന്മാരും ഉള്ളിടത്തോളം കാലം ദൈവജനത്തിന്റെ വിജയം ഒരു മരീചിക മാത്രമായി അവശേഷിക്കുകയേ ഉള്ളൂ. ശുദ്ധീകരണം എന്നാൽ ഒരു വ്യക്തി മാത്രം പണിപ്പെട്ടാൽ നടക്കുന്ന കാര്യമല്ല. ആഖാൻ ഉള്ളിടത്തോളം യോശുവാമാർ എത്ര നിലവിളിച്ചാലും പരിഹാരം ഉണ്ടാകയില്ല. വീണുകിടക്കുന്ന യോശുവയോടു കർത്താവ് ചോദിക്കുന്നത് ശ്രദ്ധിക്കുക. "നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നത് എന്ത്" മാത്രമല്ല കർത്താവ് പറഞ്ഞു "ശാപം നിങ്ങളുടെ ഇടയിൽ നിന്നും നീക്കിക്കളയും വരെ ശത്രുക്കളുടെ മുമ്പിൽ വിജയിക്കുവാൻ കഴിയുകയില്ല" ഈ അവസ്ഥയ്ക്കുള്ള പരിഹാരം എന്താണ്" വിശ്വാസികൾ എല്ലാവരും അവരവരുടെ പങ്കുവഹിക്കേണ്ടിയിരിക്കുന്നു. യിസ്രായേൽ മക്കൾ ഗോത്രം ഗോത്രമായി എല്ലാവരും തന്നെ ദൈവസന്നിധിയിലേക്ക് വരേണ്ടിയിരിക്കുന്നു. പാളയത്തിൽ നിന്നും അശുദ്ധികളെ നീക്കി ഒരു പുതുക്കത്തിന്റെ തീരുമാനമെടുത്താൽ മാത്രമേ പിന്നത്തേതിൽ ദൈവകൃപയും തദ്വാര വിജയവും കൈവരികയുള്ളൂ.

കഴിഞ്ഞ സംവത്സരത്തിൽ വന്നു പോയ പാളിച്ചകൾ മനസ്സിലാക്കി അതിനുള്ള കാരണങ്ങളെ കണ്ടറിഞ്ഞ് പരിഹരിച്ചില്ലായെങ്കിൽ ഈ വർഷവും പ്രത്യേകിച്ച് ഒരനുഗ്രഹവും ലഭിക്കുകയില്ല. തീരുമാനമെടുക്കാൻ ഇനിയും വൈകിയിട്ടില്ല. ഈ വർഷത്തിൽ ശേഷിക്കുന്ന മാസങ്ങളിൽ വിജയത്തിന്റെ ധ്വനി മുഴങ്ങുവാൻ വ്യക്തികളിൽ, കുടുംബങ്ങളിൽ, സഭയിൽ എന്നു വേണ്ട എല്ലാ വേദികളിലും ഒരു ശുദ്ധീകരണം നടക്കട്ടെ. അപ്പോൾ വിജയകരമായ ക്രൈസ്തവ ജീവിതം നയിക്കുവാൻ സാധിക്കും. യിസ്രായേൽ സഹനങ്ങളിൽ കൂടി കടന്നു ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് വിജയം വരിച്ചതുപോലെ നമുക്കും ജീവിക്കുന്ന നമ്മുടെ കർത്താവിനെ ഉയർത്തിക്കാണിച്ചുകൊണ്ട് വിജയകരമായ ജീവിതം നയിക്കാം.

ഇന്ന് നിലവിലിരിക്കുന്ന മലങ്കര സഭയുടെ നാഡിഅടിപ്പ് ആത്മീക ദർശനമുള്ളവർ തുറന്ന മനഃസാക്ഷിയോടെ ഒന്നു പരിശോധിക്കട്ടെ. മതപരമായ പ്രക്ഷോഭണങ്ങളും വ്യവഹാരങ്ങളും കക്ഷിവഴക്കും നൂറ്റാണ്ടുകളായി നടത്തി തങ്ങളുടെ വിലയേറിയ സമയവും ധനവും ശക്തിയും നഷ്ടമാക്കി ജീവിതത്തിൽ രണ്ടുകൂട്ടരും പരാജയപ്പെട്ടതല്ലാതെ നശിക്കുന്ന ജനകോടികളുടെ മദ്ധ്യേ കാൽവറി ക്രൂശിൽ ബലിയായിത്തീർന്ന ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്. പരസ്പരം പഴിച്ചും, മുടക്കിയും, ശാപശരങ്ങളാൽ മുറിവേല്പിച്ചും പാർട്ടി വളർത്തിയും ഭൂരിപക്ഷം ജനങ്ങളെ പുറത്താക്കി പള്ളികൾ പിടിച്ചെടുത്തും നാം ക്രിസ്തുവിന്റെ സ്വഭാവത്തെയും ജീവിതപ്രയാണങ്ങളേയും പാടേമറന്നും ദൂരെ എറിഞ്ഞും എവിടേക്കോ പരക്കം പായുകയാണ്. ലോകത്തിലെ ഇതര മതങ്ങളിൽ നിന്നു വിഭിന്നമായതും കൃത്യമായതുമായ, ദിവ്യസത്യങ്ങളും ആത്മീക ആദർശങ്ങളും ജീവിതപ്രമാണവും നമുക്ക് ഇല്ലെങ്കിൽ ഈ പാഴ്ലോകത്തിൽ നശിക്കയല്ലാതെ ഈ യാത്രയ്ക്ക് തലമുറകൾ ഭാവുകങ്ങൾ നേരുകയല്ല ശപിക്കയത്രേ ചെയ്യുകയുള്ളൂ. ഉണങ്ങിയ അസ്ഥിക്കും ഉടഞ്ഞ കൽകുരിശിനും വേണ്ടി എത്രനാൾ തമ്മിൽ തല്ലും. എന്തിനുവേണ്ടി പത്രോസിന്റെ സിംഹാസനത്തെ ചൊല്ലിയും നട

ശേഷം 9 – ാം പേജിൽ

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ക്രിസ്തുവർഷം 2020–ാം ആണ്ടിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. ഐശ്വര്യപൂർണ്ണമായ ഒരു പുതുവത്സരം ഏവർക്കും നാം ആശംസിക്കുന്നു.

പരിശുദ്ധനായ പൗലോസ് അപ്പസ്തോലൻ, തന്റെ ജീവിതാനുഭവം നമ്മോടു പങ്കുവയ്ക്കുന്നതിപ്രകാരമാണ്; “പിന്നിലുള്ളത് മറന്നും, മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ടു ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു (ഫിലി. 3:14). ഭാഗ്യവാനായ പൗലോസ്ശ്ലീഹാ ഒരു ഓട്ടക്കളത്തിലാണ്. വിജയശ്രീലാളിതനാകണം എന്നാണ് തന്റെ ലക്ഷ്യം. പിന്നിലുള്ളതു മറക്കണം എന്നാണ് അപ്പസ്തോലൻ ഉപദേശിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ നമുക്കുണ്ടായ പരാജയങ്ങളാണ്, പിന്നിലുള്ളത് മറക്കണം എന്ന ഉപദേശത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പരാജയങ്ങളെ ഓർത്തു നിരാശപ്പെട്ടു കഴിയേണ്ടവനല്ല, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും തന്റെ നാമം വഹിക്കുന്നവനുമായ ക്രിസ്ത്യാനി.

ഓട്ടക്കളത്തിൽ ഓടുന്നവർ അനേകരെങ്കിലും ഒരുവൻ മാത്രമേ ജയം പ്രാപിക്കുന്നുള്ളു. ആ ജയാളി നാം തന്നെയാകണം എന്നതു തന്നെയാണ് പരി. പൗലോസപ്പോസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത് (1.കൊരി. 9:24). എല്ലാവരും ഓടുന്ന കൂട്ടത്തിൽ ഞാനും ഓടുന്നു എന്ന ചിന്ത വെടിഞ്ഞു ലക്ഷ്യസ്ഥാനം ലാക്കാക്കി ഒന്നാമതെത്തണം എന്ന വാശിയോടെ ഓടണം. ചട്ടപ്രകാരം ഓടണം എന്നതാണ് പ്രസ്താവ്യമായ മറ്റൊരു കാര്യം. ഇഷ്ടപ്രകാരം ഓടി ലക്ഷ്യസ്ഥാനത്തെത്തിയതുകൊണ്ടു പ്രയോജനമുണ്ടാകയില്ല; വിജയിയായി പ്രഖ്യാപിക്കപ്പെടുകയില്ല.

സ്വർഗ്ഗസീയോനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന പുതിയ നിയമസഭയിലെ അംഗങ്ങളാണ് നാം ഓരോരുത്തരും. ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുവിക്കപ്പെട്ടു ചെങ്കടലു കടന്നു മരുഭൂമിയിലൂടെ 40 വർഷം യാത്ര ചെയ്തു. ദൈവം അബ്രഹാമിനും അവന്റെ സന്തതികൾക്കും വാഗ്ദത്തം ചെയ്ത കനാൻ ദേശത്തെ ലക്ഷ്യം വച്ചാണു അവർ യാത്ര ചെയ്തത്. പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നി സ്തംഭത്തിലും ദൈവം യിസ്രായേൽ ജനത്തോടു കൂടെ ഉണ്ടായിരുന്നു. ആഹാരം ഇല്ലാതെ വന്നപ്പോഴും, ദാഹജലം ലഭിക്കാതെ വന്നപ്പോഴും അവർ ദൈവത്തിനും മോശക്കും വിരോധമായി പിറുപിറുത്തു. എങ്കിലും സ്വർഗ്ഗത്തിന്റെ കിളി വാതിൽ തുറന്നു, മന്നയും പാറയെ പിളർന്നു വെള്ളവും കൊടുത്തു. ഇറച്ചി ആഗ്രഹിച്ചപ്പോൾ കാടപക്ഷികളെ കൊടുത്തു. തങ്ങളോടെതിർത്ത ശത്രു രാജാക്കന്മാരെ ദൈവം തോല്പിച്ചു. എല്ലാവിധ പ്രതിസന്ധികൾക്കും ദൈവം തന്നെ പരിഹാരം കണ്ടു. ജയോല്ലാസങ്ങളോടെ അവരെ വഴി നടത്തി. യാത്രയുടെ ആദ്യ വർഷം തന്നെ പത്തു കല്പനകളും, സാമൂഹിക നിയമങ്ങളും, ആരാധനയുടെ നിയമങ്ങളും അവർക്കു നൽകപ്പെട്ടു. എങ്കിലും അവരുടെ പിറുപിറുപ്പും അവിശ്വാസവും നിമിത്തം, യാത്ര ആരംഭിച്ച തലമുറയിലെ ആറുലക്ഷത്തി അറുപതിനായിരത്തിൽ, രണ്ടു പേർ മാത്രമേ കനാനിലെ സ്വസ്ഥതയിൽ പ്രവേശിച്ചുള്ളു. ഇതു നമുക്കു പാഠമാകണം.

ഈ പുതു സംവത്സരത്തിൽ ദൈവ മുഖത്തേക്കു നോക്കി സ്വർഗ്ഗസീയോനിലേക്കുള്ള യാത്ര പ്രത്യാശയോടെ നമുക്കും തുടരാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയ ക്നാനായ സമുദായ അംഗങ്ങളെ, ഡിസംബറിന്റെ മടിത്തട്ടിൽ വീണ്ടും ഒരു ക്രിസ്തുമസ്രാവും കൂടി കഴിഞ്ഞു ദിപ പ്രഭ ചൊരിയുന്ന മെഴുകുതിരികളും തിരുപ്പിറവി ആലേഖനം ചെയ്ത പുൽക്കൂടുമായി ക്രിസ്തുവിനെ വരവേറ്റതിനുശേഷം പുതുവർഷത്തെ നമുക്കു വരവേൽക്കാം. 2020 എല്ലാവിധ ഐശ്വര്യങ്ങളാലും അനുഗ്രഹങ്ങളാലും ദൈവം നമ്മെയും നമ്മുടെ സമുദായത്തേയും നടത്തട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഇപ്പോൾ സമുദായത്തിൽ സംജാതമായിരിക്കുന്ന പുതിയ സംഭവ വികാസങ്ങൾക്ക് (പരിശുദ്ധ ബാവായുടെ 13-12-2019 സമുദായ മെത്രാപ്പോലീത്തയ്ക്കും മറ്റ് രണ്ട് സഹായ മെത്രാപ്പോലീത്തന്മാർക്കും വന്ന കല്പനയുടെ) ഉത്തരവാദി സമുദായ നേതൃത്വം ആണെന്നുള്ള വ്യാജപ്രചരണം ചില തൽപര കക്ഷികൾ പലഭാഗത്തു നിന്നും ബോധപൂർവ്വം സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. സമുദായത്തിൽ ഭരണസ്തംഭനം ഉണ്ടായപ്പോൾ കഴിഞ്ഞ പ്രാവശ്യം (3/10/2017-ൽ) കൂടിയ അസ്സോസിയേഷനിൽ പുതിയ സമുദായ നേതൃത്വത്തെ തെരഞ്ഞെടുത്തു. അസ്സോസിയേഷൻ കാലാവധി തീരുന്ന 2018 ആഗസ്റ്റ് വരെയും സമുദായ മെത്രാപ്പോലീത്തായുടെ കരങ്ങൾക്ക് ശക്തി കൊടുത്തത് സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടി മാത്രമായിരുന്നു. കാലിയായിരുന്ന ഖജനാവിന് പുറമേ കടബാധ്യതകൾ കൂടിപോയ സമുദായത്തിൽ സാമ്പത്തിക പ്രതിസന്ധിക്ക് ഇടയിലും നമ്മുടെ പിതാക്കന്മാർ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സമുദായത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും സമുദായത്തിനെതിരെ കൊടുത്തിരിക്കുന്ന കേസുകളിൽനിന്നും സമുദായത്തെ രക്ഷിക്കുന്നതിനും, വടപുറത്ത് പുതിയ സ്കൂൾ കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിനും സാധിച്ചു. കാലാവധി കഴിഞ്ഞു ഭരണഘടന അനുസരിച്ച് ഇലക്ഷൻ നടത്തുന്നതിന് ഉള്ള ശ്രമങ്ങൾ ഞങ്ങൾ ആരംഭിച്ചപ്പോൾ തൽപ്പര കക്ഷികൾ ഇലക്ഷൻ നടത്താൻ പാടില്ല എന്നു പറഞ്ഞ് കോടതിയിൽ ഉണ്ടായിരുന്ന കേസ് വീണ്ടും പുനർജീവിപ്പിച്ചു. അസ്സോസിയേഷൻ നടത്താതെ ഇരിക്കുവാൻ കോടതിയിൽ പോവുകയും എന്നാൽ നോമിനേഷൻ തടഞ്ഞുകൊണ്ട് ഇലക്ഷൻ നടത്തുവാൻ അനുവദിക്കുകയും ചെയ്തു. നോമിനേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ട് സമുദായത്തിനുവേണ്ടി ഹൈക്കോടതിയിൽ കേസ് കൊടുത്തുവെങ്കിലും, അനുവദിച്ചില്ല. ഇതു മനസ്സിലാക്കിയ സമുദായ മക്കൾ നോമിനേഷൻ ഇല്ലാതെ തന്നെ 2018 സെപ്റ്റംബറിൽ സമുദായ നേതൃത്വത്തെയും, സ്ഥാപനങ്ങളിലെ ഭാരവാഹികളെയും മഹാ ഭൂരിപക്ഷത്തോടെ വിജയിപ്പിച്ചു. നോമിനേഷൻ ലഭിക്കുന്നതിനുവേണ്ടി സമുദായ നേതൃത്വം ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും അപ്പീൽ വിചാരണക്ക് വന്നപ്പോൾ തല്പര കക്ഷികൾ അസ്സാസിയേഷൻ ഇലക്ഷൻ തന്നെ ക്യാൻസൽ ചെയ്യണം എന്ന് കേസുകൊടുക്കുകയും ചെയ്തു. ഈ രണ്ടു കേസും കോടതി ഒരുമിച്ചു കേൾക്കുവാൻ വേണ്ടി മാറ്റി വച്ചിരിക്കുകയാണ്. രണ്ടു പക്ഷവും സഹകരിക്കാതെ മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത്. ഈകാര്യങ്ങളിലും വേറെ കുറെ കാര്യങ്ങളിലും അസംതൃപ്തരായ ചില ആളുകളുടെ പ്രേരണയാൽ നേതൃത്വത്തിനെതിരെ ചിലർ കുപ്രചരണം നടത്തുകയാണ്.

അസ്സോസിയേഷൻ എടുത്ത തീരുമാനം സമുദായ മെത്രാപ്പോലീത്താ അംഗീകരിച്ച് എല്ലാ ദേവാലയങ്ങളിലും കല്പന വായിച്ചതാണ്.

എന്നാൽ അത് നടപ്പാക്കാൻ പറ്റാത്തതിന്റെ കാരണം എല്ലാവർക്കും അറിവുള്ളതാണ്. ഈ കാര്യത്തിൽ സമുദായ നേതൃത്വത്തിന് എന്തു ചെയ്യുവാൻ കഴിയും. അതുപോലെതന്നെ സമാധാന ചർച്ചയ്ക്കുവേണ്ടി പരി. ബാവാ നേതൃത്വത്തെയും, അഭിവന്ദ്യ വലിയ തിരുമേനിയേയും ലബനോനിൽ വിളിപ്പിച്ചു ചർച്ച നടത്തിയതിൽ അവിടെ അടിയറ വച്ചു എന്നു പറയുന്നത് എന്താണെന്ന് മനസ്സിലാകുന്നില്ല. അവിടെ യാതൊരു കാര്യത്തിലും ഒപ്പിട്ടു കൊടുക്കുകയോ സമ്മതിക്കുകയോ ചെയ്തിട്ടില്ല. കമ്മീഷനെ ഇങ്ങോട്ടു വിടും എന്നാണ് ധാരണ ഉണ്ടായത്. പല എഴുത്തുകൾ അയച്ചിട്ടും അതു നടന്നിട്ടില്ല. സമുദായ മെത്രാപ്പോലീത്താ ഉൾപ്പെടെ അമേരിക്കൻ പ്രതിനിധികൾ എല്ലാവരും കൂടി ഒരുമിച്ചാണ് അവിടുത്തെ ചർച്ചകളിൽ മുഴുവൻ പങ്കെടുത്തത്. ഇതിൽ സമുദായ നേതൃത്വത്തെ കുറ്റപ്പെടുത്തുനന്ത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

വീണ്ടും സമാധാനത്തിനുവേണ്ടി ക്നാനായ കമ്മിറ്റിയുടെയും സമുദായ മെത്രാപ്പോലീത്തായുടെയും നിർദ്ദേശപ്രകാരം സമുദായ ട്രസ്റ്റിയെ അതിന് നിയോഗിക്കുകയും കൂടാതെ കമ്മിറ്റിയിലെ പല കമ്മിറ്റി അംഗങ്ങളും സഹായ മെത്രാപ്പോലീത്തമാരും ആയി പല പ്രാവശ്യം സമാധാനത്തിനുവേണ്ടി ചർച്ചകൾ നടത്തുകയുമുണ്ടായി. ചർച്ചകൾ നടത്തുന്നത് തെറ്റാണ് എന്നു പറയുന്നത് ശരിയല്ല. ശാശ്വത സമാധാനം ഉണ്ടാകുന്നതിന് വേണ്ടിയാണ് ഇങ്ങനെ ശ്രമിച്ചത്. എന്നാൽ ഫലപ്രാപ്തിയിൽ എത്താൻ സാധിച്ചില്ല എന്നതാണ് വസ്തുത.

നവംബർ 21, 22 തീയതികളിൽ മസ്ക്കറ്റിൽ വച്ച് പരി. ബാവായുടെ നേതൃത്വത്തിൽ നടന്ന ചർച്ചകൾക്കുശേഷം അവിടുന്നു കൊടുത്തു വിട്ട 16 സജഷൻസ് അഭി. വലിയതിരുമേനി കമ്മിറ്റിയെ കാണിക്കുകയും അത് കമ്മിറ്റി ചർച്ചചെയ്തു ഭരണഘടനയിൽ ഇല്ലാത്ത സജഷൻസ് ആയതിനാൽ കോടതി അലക്ഷ്യം ഉണ്ടാകും എന്നും, ആയതിനാൽ

ഭരണഘടനയിൽ ഇല്ലാത്തത് നടപ്പിലാക്കുന്നതിന് നിയമാനുസരണം ഭരണഘടനയിൽ ഉൾപ്പെടുത്തിയതിന് ശേഷം മാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്ന് സമുദായ മെത്രാപ്പോലീത്തായ്ക്ക് രേഖാമൂലം എഴുതി കൊടുക്കുകയും ഈ വിവരം പരി. ബാവായെ അറിയിക്കണം എന്നു പറയുകയും ചെയ്തു. കൂടാതെ സമുദായ ട്രസ്റ്റിയും സെക്രട്ടറിയും കൂടി 13-12-2019 ൽ ഒരു ലെറ്റർ ബാവായ്ക്ക് അയയ്ക്കുകയും ചെയ്തു.

പിന്നീട് 2019 ഡിസംബർ 13 നു പരി. ബാവായുടെ ഒരു കല്പന സമുദായമെത്രാപ്പോലീത്തയ്ക്കും രണ്ട് സഹായ മെത്രാപ്പോലീത്താമാർക്കും വരികയും അതിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് 29 മാർച്ച് 2019 അമേരിക്കയിൽ നിന്നും കേരളത്തിൽ നിന്നുള്ള പ്രതിനിധികളുമായി ചർച്ച നടത്തിക്കഴിഞ്ഞു, സഹായമെത്രാപ്പോലീത്ത കൊടുത്ത പ്രൊപ്പോസലും സമുദായ മെത്രാപ്പോലീത്താ കൊടുത്ത പ്രൊപ്പോസലും 2019 സെപ്തംബർ 25-ാം തീയതി ലബനോനിലെ സിനഡിന്റെ സബ്കമ്മറ്റി കൂടി തീരുമാനിച്ചതും മസ്ക്കറ്റിൽ വെച്ചു കൊടുത്ത സജഷന്റെയും അടിസ്ഥാനത്തിൽ കോട്ടയം കോടതിയിൽ ഉള്ള 506 കേസ് തീരുന്നതു വരെ താൽക്കാലിക അറേഞ്ച്മെന്റ് ആയി 15 കാര്യങ്ങൾ ഉടനെ നടപ്പിലാക്കണം എന്നായിരുന്നു.

ഈ കൽപ്പനയ്ക്ക് ശേഷം 22-12-2019 ൽ വീണ്ടും ക്നാനായ കമ്മിറ്റി കൂടുകയും 28-01-2020 ൽ ക്നാനായ അസോസിയേഷന്റെ ഒരു വിശേഷ യോഗം കൂടുവാനും ഈ കൽപ്പനയിൽ പറഞ്ഞ കാര്യങ്ങൾ തീരുമാനം എടുക്കുവാനും തീരുമാനിക്കുകയുണ്ടായി. ഈ വിവരം സമുദായ മെത്രാപ്പോലീത്തായെ രേഖമൂലം അറിയിക്കുകയും ഈ പ്രാവശ്യത്തെ വൈദിക ജനറൽ ട്രാൻസ്ഫർ 28 ജനുവരിയിൽ കൂടുന്ന അസോസിയേഷൻ മീറ്റിംഗിൽ എടുക്കുന്ന തീരുമാനത്തിനു ശേഷം മാത്രമേ നടപ്പാക്കാവൂ എന്ന് അറിയിക്കുകയും ചെയ്തു. ഈ വിവരം പരിശുദ്ധ ബാവയെ അറിയിക്കണം എന്ന് ആവശ്യപ്പെടുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു.

2019 ഡിസംബർ 26 ന് പരിശുദ്ധ ബാവായുടെ ഒരു കൽപന കൂടി വരുകയും അതിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് ജനുവരി 28-ാം തീയതി ക്നാനായ അസോസിയേഷൻ കൂടാൻ തീരുമാനിച്ചത് സ്വാഗതം ചെയ്യുകയും അസോസിയേഷനിൽ ബാവായുടെ No.82/19/date 13 ഡിസംബറിലെ കൽപ്പനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തീരുമാനം എടുത്തു ഭരണഘടനയിൽ ചേർക്കുമെന്നു കരുതുന്നു എന്നും ഇതിനിടയിൽ കേരളത്തിലുള്ള രണ്ട് മേഖലകളിലേക്ക് വൈദികരുടെ ട്രാൻസ്ഫറിനുള്ള ലിസ്റ്റ് കൊടുക്കണമെന്നു 2013-ൽ ഭരണഘടനയിൽ അമന്റ് ചെയ്ത കാര്യങ്ങൾക്ക് കോടതിയിൽ നിന്നും സ്റ്റേ ഒന്നും ഇല്ല എന്നു പഠിച്ചപ്പോൾ മനസ്സിലായെന്നും ആവശ്യമുണ്ടെങ്കിൽ മെത്രാപ്പോലിത്തൻ കൗൺസിൽ കൂടാം എന്നുമാണ് കൽപ്പനയുടെ ചുരുക്കം.

ഈ കൽപനയുടെ അടിസ്ഥാനത്തിൽ ഭരണഘടനയിൽ പറയുന്ന പ്രകാരം ക്നാനായ കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും ആലോചനയോടെ കൂടി സ്ഥലം മാറ്റം നടത്തുന്നതിന്റെ ഭാഗമായി 30-12-2019 ൽ ഈ രണ്ട് ഭരണഘടന സമിതികളുടെയും വേറെ വേറെ മീറ്റിംഗ് കൂടുകയും മെത്രാപ്പോലീത്തയെ രേഖാമൂലം അവരവരുടെ അഭിപ്രായം അറിയിക്കുകയും ചെയ്തു. ഇതിൽ പ്രധാനമായി വൈദിക പ്രതിനിധികളുടെ സമിതിയായ വൈദിക കൗൺസിലിൽ എടുത്ത തീരുമാനം 28 നു നടക്കുന്ന ക്നാനായ അസോസിയേഷൻ തീരുമാനത്തിന് ശേഷം വൈദിക സ്ഥലം മാറ്റം നടത്തിയാൽ മതി എന്നായിരുന്നു. ക്നാനായ കമ്മിറ്റിയുടെയും തീരുമാനം അതു തന്നെയായിരുന്നു. ഈ തീരുമാനങ്ങൾ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ അറിയിക്കണമെന്ന് സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ സമുദായത്തിന്റെ പുരോഗതിക്കു ശ്രദ്ധ കൊടുക്കുവാൻ സമയം കണ്ടെത്താൻ കഴിയാതെ വന്നിരിക്കുന്ന ഈ അവസരത്തിൽ ക്നാനായ കമ്മിറ്റി സമുദായത്തിലെ സമാധാനത്തിനു വേണ്ടി പല പ്രാവശ്യം ശ്രമിക്കുകയും എന്നാൽ ചിലരുടെ നിസഹരണം മൂലം ഫലവത്താക്കാൻ സാധിക്കാതെ വന്നിരിക്കുന്ന ഈ അവസരത്തിൽ 28-ാം തീയതി നടക്കുന്ന ക്നാനായ അസോസിയേഷനിൽ സമാധാനപരമായി പരിഹാരം കണ്ടെത്തുവാൻ എല്ലാവരും സമുദായത്തിനു വേണ്ടി പ്രാർത്ഥിക്കണം ●

# യാക്കോബായ ഫോറം

**ഫാ. തോമസ് കണ്ടോത്ര**



പല രാഷ്ട്രീയ നേതാക്കന്മാരും യാക്കോബായ സുറിയാനി സഭയ്ക്ക് ഉപകാരങ്ങൾ ചെയ്തിട്ടുണ്ട്. കൂടുതൽ സഹായങ്ങൾ ചെയ്ത മൂന്നു വ്യക്തിത്വങ്ങളുണ്ട്. അതിൽ പ്രധാനികൾ ശ്രീ. ടി. എം. ജേക്കബ്, ശ്രീ. റ്റി. യു. കുരുവിള, ശ്രീ. സ്കറിയാ തോമസ് എന്നിവരാണ്. നമുക്ക് മറക്കാൻ പാടില്ലാത്ത രണ്ടു വ്യക്തികളും കൂടെയുണ്ട്; പെരുമ്പാവൂർ മുൻ MLA ശ്രീ. സാജു പോൾ, മുസ്ലീം സഹോദരനായ ശ്രീ. ടി. എച്ച് മുസ്തഫ എന്നിവരാണ്.

നമ്മുടെ അറിവിൽ യാക്കോബായ സഭയ്ക്കും ക്നാനായ സമുദായത്തിനും കൂടുതൽ ഗുണം ലഭിച്ചത് കമാൻണ്ടർ ശ്രീ. സ്കറിയാ തോമസ് M. P. ആയിരുന്ന കാലത്താണ്. യാക്കോബായ സഭയുടേയും ക്നാനായ സമുദായത്തിന്റേയും ഡൽഹിയിലെ സ്ഥലങ്ങൾ, ഇന്ദിരാ ഗാന്ധിയിൽ നിന്ന് നമുക്ക് ലഭിക്കുവാൻ ഇടയാക്കി. 1984 ലെ പാത്രിയർക്കീസ് ബാവായുടെ സന്ദർശനം യാഥാർത്ഥ്യമാക്കാൻ സാധിച്ചു. കോട്ടയത്ത് സഭാ തർക്കത്തെ തുടർന്ന് ഒന്നും ഇല്ലാതെപോയ യാക്കോബായ സഭയെ പെരുമ്പള്ളി തിരുമേനിയ്ക്ക് ഒപ്പം നിന്ന് കോട്ടയത്ത് ശക്തിപ്പെടുത്തി, മറ്റുവിഭാഗത്തിന്റെ ശത്രുവായി മാറി. ഇടതുപക്ഷവുമായുള്ള ബന്ധങ്ങൾകൊണ്ട് സഭയ്ക്ക് ഇപ്പോഴും ആവശ്യഘട്ടങ്ങളിൽ സഹായഹസ്തമായി അദ്ദേഹം മാറുന്നു.

നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ KSIE (Kerala State Industrial Enterprises) യെ ലാഭത്തിലാക്കാൻ അദ്ദേഹത്തിനു സാധിച്ചത് വളരെ വലിയ ദൈവാനുഗ്രഹവുമാണ്. കുടുതൽ സേവനങ്ങൾ ഇപ്പോൾ അദ്ദേഹം ട്രസ്റ്റിയായിരിക്കുന്ന ക്നാനായ സമൂഹത്തിനും യാക്കോബായ സമൂഹത്തിനും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ
## മാർ അപ്രേം സെമിനാരി, ചിങ്ങവനം, 686531
## നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗം താഴെപ്പറയുന്ന വിഷയങ്ങളേക്കുറിച്ച് ആലോചിക്കുന്നതിന് **2020** ജനുവരി **28** ചൊവ്വാഴ്ച രാവിലെ 10.30 ന് മാർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(അസോ. സെക്രട്ടറി)

1. പ്രാർത്ഥന
2. അനുശോചനം
3. നോട്ടീസ് വായന
4. സത്യപ്രതിജ്ഞ
5. താഴെപറയുന്ന വിഷയങ്ങൾ (1 മുതൽ 15 വരെ)

(1) വലിയമെത്രാപ്പോലീത്താ മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ അധിപനാണ്. ആയതിനാൽ അഭി.തിരുമേനിയോട് ആസ്ഥാനത്തിനുതകുന്ന വിധത്തിൽ ക്നാനായ സമുദായത്തിലെ മറ്റു മെത്രാപ്പോലീത്തന്മാരും, ബഹു. വൈദികരും, വിശ്വാസികളുടെ സമൂഹവും ബഹുമാനവും വിധേയത്വവും പുലർത്തണം. അതുപോലെ തന്നെ മേഖലാ മെത്രാപ്പോലീത്തന്മാരും ക്നാനായ അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട് പരി. പാത്രിയർക്കീസ് ബാവായാൽ മെത്രാപ്പോലീത്തന്മാരായി വാഴിക്കപ്പെട്ടവരാണ്. അവരും സഭയിലെ ഇടയന്മാരാണ്. വലിയമെത്രാപ്പോലീത്തായോടു ചേർന്ന് ക്നാനായ അതിഭദ്രാസനത്തെ നയിക്കേണ്ടവരാണ്. അവർക്കും അർഹമായ ബഹുമാനം നൽകേണ്ടതുണ്ട്.

(2) കാലം ചെയ്ത പരി.സഖാ പ്രഥമൻ പത്രിയർക്കീസ് ബാവ, ക്നാനായ അതിഭദ്രാസനത്തിന്റെ സുഗമമായ ഭരണത്തിനായി 2008 ൽ അനുവദിച്ച് രൂപീകരിച്ച മെത്രാപ്പോലീത്തൻ കൗൺസിൽ പുനഃസ്ഥാപിക്കണം. മെത്രാപ്പോലീത്തൻ കൗൺസിലിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഐക്യകണ്ഠേനയുള്ള തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കാതെ വന്നാൽ ആ വിഷയം അന്തിമതീരുമാനത്തിനായി പരി. പാത്രിയർക്കീസ് ബാവായ്ക്ക് സമർപ്പിക്കണം.

(3) സമുദായത്തിലെ ശെമ്മാശപട്ടം, വൈദികപട്ടം, പള്ളികൂദാശ, പള്ളിയോടുബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ bless ചെയ്യുക മുതലായ കാര്യങ്ങൾ മെത്രാപ്പോലീത്തൻ കൗൺസിൽ കൂടി പരസ്പര ധാരണയോടെ തീരുമാനിക്കണം.

(4) വൈദികരുടെ, മൂന്നുവർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന സ്ഥലമാറ്റത്തിനായി വലിയമെത്രാപ്പോലീത്താ ഓരോ മേഖലയിലും ആവശ്യമുള്ള അത്ര വൈദികരെ മേഖലയ്ക്ക് കൊടുക്കുകയും മേഖലമെത്രാപ്പോലീത്തന്മാർ വൈദികരെ ആ മേഖലയിലെ ഓരോ പള്ളികളിലും നിയമിക്കുകയും വേണം. ഇങ്ങനെ നിയമിക്കപ്പെടുന്ന വൈദികരിൽ നിന്നോ അവരുടെ ഇടവകയിൽ നിന്നോ പരാതി ഉണ്ടായാൽ മേഖലാ മെത്രാപ്പോലീത്തന്മാർ ആ വിഷയം കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ ഏതെങ്കിലും പാർട്ടിയ്ക്ക് ഈ വിഷയങ്ങളിലെ തീരുമാനം തൃപ്തികരമല്ല എങ്കിൽ വിഷയം വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുകയും വലിയമെത്രാപ്പോലീത്താ മേഖലാമെത്രാപ്പോലീത്തന്മാരുടെ ആലോചനകൂടി പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുകയും വേണം.

(5) ഓരോ മേഖലയിലുമുള്ള പള്ളികളെല്ലാം ആ മേഖലയുടെ കാര്യനിർവ്വഹണകാര്യാലയകുടക്കീഴിലായിരിക്കണം

(6) മേഖലകളിൽ വൈദികരുടെ പുനഃക്രമീകരണം ആവശ്യമായാൽ അത് മേഖലാമെത്രാപ്പോലീത്തന്മാരുടെ ചുമതലയിൽ ആയിരിക്കും.

(7) ഒരു മേഖലയിലുള്ള പള്ളികളിൽ നിന്നു അതേ മേഖലയിലുള്ള മറ്റൊരു പള്ളിയിലേക്കുള്ള ഇടവകമാറ്റം ആ മേഖലാമെത്രാപ്പോലീത്തായുടെ ചുമതലയിൽ ആയിരിക്കും.

(8) ഒരു മേഖലയിലുമുള്ള ഒരു പള്ളിയിൽ നിന്നും മറ്റൊരു മേഖലയിലുള്ള പള്ളിയിലേക്കുള്ള ഇടവകമാറ്റം വലിയമെത്രാപ്പോലീത്തായുടെ സമ്മതത്തോടെ/ അനുവാദത്തോടെ മേഖലാ മെത്രാപ്പോലീത്തന്മാർക്ക് ചെയ്യാം. അതുപോലെ ഏതെങ്കിലും കാരണത്താൽ പള്ളികുറ്റം ചുമത്തപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്തിട്ടുള്ള അംഗങ്ങളെ തിരികെ മാതൃ ഇടവകയിൽ പുനഃഅംഗത്വം കൊടുക്കുന്നതും ക്നാനായ കത്തോലിക്കാ പള്ളികളിൽ നിന്നും ക്നാനായ യാക്കോബായ പള്ളികളിലേയ്ക്ക് ഇടവകാംഗത്വം അനുവദിക്കുന്നതും വലിയമെത്രാപ്പോലീത്തായുടെ അനുവാദത്തോടെ മേഖലാ മെത്രാപ്പോലീത്തന്മാർക്കു ചെയ്യാവുന്നതാണ്.

(9) വലിയമെത്രാപ്പോലീത്തായുടെ സമുദായമൊട്ടുക്കുള്ള കല്പനകൾ ഓരോ മേഖലയിലെയും മെത്രാപ്പോലീത്താന്മാരിൽ കൂടി ഇടവകകളിൽ എത്തിക്കേണ്ടതാണ്. മേഖലാ മെത്രാപ്പോലീത്താന്മാർക്ക് അവരുടെ മേഖലയിലുള്ള പള്ളികളിലേയ്ക്ക്മാത്രം വലിയമെത്രാപ്പോലീത്തായെ മുൻകൂട്ടി അറിയിച്ചതിനുശേഷം കല്പനകൾ അയയ്ക്കാവുന്നതാണ്.

(10) ഇടവകതലത്തിലോ, ഇടവക പൊതുയോഗങ്ങളിലോ ഉടലെടുക്കുന്ന തർക്കവിഷയങ്ങൾ, പരാതികൾ മുതലായവ ഒത്തുതീർപ്പാക്കുന്നത് അതാതുമേഖലാ മെത്രാപ്പോലീത്തന്മാർ ആയിരിക്കും. എന്നാൽ ഈ വിഷയങ്ങളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് പ്രശ്നപരിഹാരം തൃപ്തികരമല്ലെങ്കിൽ വലിയമെത്രാപ്പോലീത്തായെ സമീപിക്കാവുന്നതാണ്. വലിയമെത്രാപ്പോലീത്താ വിഷയം മെത്രാപ്പോലീത്തൻ കൗൺസിലിൽ present ചെയ്ത് തീർപ്പാക്കണം.

(11) ഇടവകപൊതുയോഗ മിനിട്ട്സ് അതാതു മേഖലമെത്രാപ്പോലീത്തന്മാർ ആയിരിക്കും approve ചെയ്യുന്നത്. മിനിട്ട്സ് കോപ്പി വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കണം.

(12) വലിയമെത്രാപ്പോലീത്തായും മേഖലാമെത്രാപ്പോലീത്തന്മാരും വിദേശപര്യടനത്തിനായി പോകുന്നെങ്കിൽ പത്തുദിവസമെങ്കിലും മുമ്പ് മറ്റ് മെത്രാപ്പോലീത്തന്മാരെയും ക്നാനായ മാനേജിംഗ് കമ്മിറ്റിയെയും അറിയിച്ചിരിക്കണം.

(13) ഓരോ മേഖലയിലുമുള്ള വൈദികരുടെ ഇടവകതലത്തിലുള്ള ശുശ്രൂഷകളുടെയും ഇടവകകാര്യ നിർവ്വഹണപ്രവർത്തനങ്ങളുടെയും വിലയിരുത്തുന്ന റിപ്പോർട്ടുകൾ മേഖലാ മെത്രാപ്പോലീത്തന്മാർ രഹസ്യമായി ഫയലിൽ സൂക്ഷിക്കേണ്ടതും ആവശ്യസമയത്ത് വലിയമെത്രാപ്പോലീത്തായ്ക്കും മെത്രാപ്പോലീത്തൻ കൗൺസിലിലും നൽകേണ്ടതുമാണ്.

(14) കോടതികളിലുള്ള സകലവ്യവഹാരങ്ങളും പിൻവലിക്കപ്പെടണം. പരി. പാത്രിയർക്കീസ്ബാവായ്ക്കോ, അഭി. മെത്രാപ്പോലീത്തന്മാർക്കോ, ബഹു. വൈദികർക്കോ, ക്നാനായ സമുദായത്തിനോ എതിരായി കേസ് കൊടുക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

(15) അന്ത്യോഖ്യൻ - ക്നാനായ ബന്ധത്തിന് പ്രത്യക്ഷമായോ, പരോക്ഷമായോ ദ്രോഹം വരുത്തുന്ന എന്തെങ്കിലും പ്രവൃത്തികളോ, പ്രസ്താവനകളോ ഉണ്ടായാൽ ഉടൻതന്നെ വലിയമെത്രാപ്പോലീത്താ രേഖാമൂലം അതിനെ ഭത്സിക്കണം. അതിനുത്തരവാദികളായവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുകയും വേണം.

പ്രഭാഷണദീപം

# സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള മാർഗ്ഗങ്ങൾ

ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ, മുളമൂട്ടിൽ

*എബ്രായർ. 4:1*

***"അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അതു ലഭിക്കാതെ പോയി എന്നു വരാതിരിപ്പാൻ ഭയപ്പെടുക."***

ക്രിസ്തീയ ജീവിതം ശ്രമകരമായ ഒന്നാണ്. ആരംഭം മുതൽ അവസാനം വരെ വളരെ അദ്ധ്വാനവും പോരാട്ടവും ഉത്സാഹവും കഴിക്കേണ്ടതാണ്. യൂദാ. 20:21 നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മീകവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർ



ത്ഥിച്ചും, നിത്യജീവനായിട്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നുകൊണ്ടു ദൈവ സ്നേഹത്താൽ നിങ്ങളെതന്നെ സൂക്ഷിച്ചു കൊൾവിൻ.

എബ്രാ. 10:19–22 യേശുക്രിസ്തു മഹാപുരോഹിതൻ എന്നു തെളിയിച്ച ശേഷം മഹാപുരോഹിതൻ തിരശ്ശീലക്ക പ്പുറത്തുള്ള അതിപരിശുദ്ധ സ്ഥലത്ത് ശുശ്രൂഷിക്കേണ്ടവ നാണ്. അവനെ അനുഗമിക്കുന്ന ദൈവജനം അവനോടൊപ്പം അതി പരിശുദ്ധസ്ഥലത്തേക്ക് കടന്നു ചെല്ലേണ്ടതാണ്. നാം ഉത്സാഹിച്ചെങ്കിൽ മാത്രമേ പ്രവേശിക്കുവാൻ സാധിക്കൂ. നാം ഉത്സാഹിക്കേണ്ട പതിനൊന്നു വിഷയങ്ങൾ എബ്രായ ലേഖനത്തിൽ വിവരിക്കുന്നു.

**1. എബ്രാ. 2:1–4. നാം കേട്ടത് ശ്രദ്ധയോടെ കരുതുക.** യിസ്രായേൽ കല്പന (വചനം) ഏറ്റുവാങ്ങി. വിപരീതമായി പ്രവർത്തിച്ചപ്പോൾ കടുത്ത ശിക്ഷയ്ക്ക് പാത്രമായി. കേട്ടത് അധികം ശ്രദ്ധയോടെ അനുസരിക്കണം.

**2). നാം ഭയപ്പെടുക.** 4:1 രക്ഷയുടെ വാതിൽ തുറന്നിരിക്കുന്നു. അത് അടയുവാൻ അധികകാലമില്ല. അകത്തു പ്രവേശിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക. എഫേ. 2:1–17 വരെ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു.

**3). അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്ത വണ്ണം വീഴാതിരിക്കേണ്ടതിനു നാം അസ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക എബ്രാ. 4:11** പെട്ടുപോയ ഇസ്രായേൽ ജനം മിസ്രയിമിൽ തങ്ങിയവരായിരുന്നില്ല. മോശയോടൊപ്പം ചെങ്കടൽ കടന്നവരായിരുന്നു. 1.കോരി. 10:1–11 മാമോദീസ ഏറ്റുകൊണ്ട് രക്ഷപെട്ടെന്നു കരുതരുത്. ചെങ്കടൽ കടന്നുകൊണ്ട് തങ്ങൾ രക്ഷപെട്ടെന്ന് അവർ കരുതി എന്നാലവർക്ക് തെറ്റുപറ്റി. മരുഭൂമിയിൽ പെട്ടുപോയി. കാരണം അവരുടെ പിറുപിറുപ്പ്. ആകയാൽ സ്വസ്ഥതയിൽ പ്രവേശിക്കാൻ നാം ഉത്സാഹിക്ക.

**4. നാം ധൈര്യത്തോടെ അടുത്തു ചെല്ലുക. എബ്രാ. 4:16.** അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക. കർത്താവിന്റെ ക്രൂശുമരണത്താൽ നമുക്ക് ധൈര്യം നൽകിയിരിക്കുന്നു. അതുകൊണ്ട് ദുർമനഃസാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക. പഴയനിയമ ഇസ്രായേൽ അകലം കാണിക്കേണ്ട തുണ്ട്. പുറ. 19:12. എന്നാൽ നമുക്ക് എഫേ. 2:17 കൃപാസനത്തിനു അടുത്തു ചെല്ലുവാൻ അധികാരമുണ്ട്.

**5). നാം പരിജ്ഞാന പൂർത്തി പ്രാപിക്കാൻ ശ്രമിക്കുക. എബ്രാ. 6:1.**


ഏതു ജീവിതവും പടിപടിയായി വളരേണ്ടതാണ്. ഒരു ശിശു വർഷങ്ങൾ കഴിയുമ്പോൾ വളർച്ച എത്തിയ ആളായി തീരണം. ആത്മീക ജീവിതവും വളരേണ്ടതാണ്. വചനം എന്ന പാൽ കുടിച്ചു വളരണം. മാനസാന്തരം, സ്നാനം, പുനരുത്ഥാനം, ശിക്ഷാവിധി എന്നിങ്ങനെയുള്ള ആദ്യവചനങ്ങൾ അവയിൽ യാത്ര ആരംഭിക്കുകയാണ്. അവയിലേക്ക് യാത്ര ചെയ്യുക അല്ല, വിശപ്പും ദാഹവുമാണ് വളർച്ചയുടെ ലക്ഷണം. അതില്ലെങ്കിൽ വളർച്ചക്ക് തകരാർ ഉണ്ട്. വചനത്തിനുള്ള ദാഹവും വിശപ്പും നമുക്കുണ്ടോ എന്നു ചിന്തിക്കാം.

6). **നാം പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക. എബ്രാ. 10:22** ദൈവത്തോട് അടുക്കണമെങ്കിൽ ലോകത്തോട് അകലണം. സങ്കീ. 24:3–4. നാം പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിക്കുക. (എബ്രാ. 10:20). നമ്മുടെ പ്രത്യാശയും വിശ്വാസവും കൈവിടരുത്. അതു മുറുകെ പിടിക്കണം. കൊലാ.1:27. ക്രിസ്തീയ ജീവിതത്തെ ഉറപ്പിച്ചു നിർത്തുന്ന ശക്തിയാണ് പ്രത്യാശ. കൃപയാൽ വിശ്വാസംമൂലം രക്ഷിക്ക പ്പെട്ട ദൈവ പൈതൽ സ്നേഹത്തിൽ വേരൂന്നി വളരുമ്പോൾ പ്രതികൂലങ്ങൾ അടിക്കടി ഉയർന്നുവരും. വിശ്വാസത്തിന്റെ

*ശേഷം 19 –ാം പേജിൽ*

# പ്രൊഫ. ടോണി മാത്യു ധന്യമീ ജീവിതം

**ഏബ്രഹാം കല്ലിശ്ശേരി**



**"മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു". ഈ വചനം ടോണി മാത്യുവിൽ അന്വർത്ഥമാകുന്നു. ആ ചെറിയ വലിയ മനുഷ്യനെ സൗമ്യനും ശാന്തനുമായിട്ടേ കാണാൻ കഴിഞ്ഞിട്ടുള്ളു.**

ക്നാനായ സമുദായത്തിലെ വിരലിലെണ്ണാവുന്ന എഴുത്തുകാരിൽ എന്തുകൊണ്ടും പ്രഥമ സ്ഥാനത്താണ് പ്രൊഫസർ ടോണി മാത്യു. ആ സചേതന സാന്നിദ്ധ്യമാണ് നമ്മെ വേർപിരിഞ്ഞു പോയത്. ഒരു സ്കൂളിലും കോളേജിലും പ്രൊഫസർ എന്നെ പഠിപ്പിച്ചിട്ടില്ല. എങ്കിലും ഞാൻ അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായിരുന്നു. നല്ല സുഹൃത്തും സഹോദരനുമായിരുന്നു. സർവ്വോപരി എന്റെ സംശയങ്ങൾ തീർത്തു തരുന്ന വിജ്ഞാന കോശവുമായിരുന്നു. നീണ്ട കാലത്തെ റെയിൽവേ പ്രവാസത്തിനുശേഷം നാട്ടിൽ തിരിച്ചെത്തുമ്പോൾ ഒരു പ്രസംഗവേദിയിൽ വച്ചാണ് ടോണി മാത്യുവിനെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. ആ ബന്ധം മരിക്കുവോളം ഊഷ്മളമായിത്തന്നെ ഞങ്ങൾ നിലനിർത്തി. ചെറിയ തോതിലാണെങ്കിലും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. അപ്പോഴെല്ലാം ബൈബിളിലെ ആ വാക്യം ഓർത്തുപോകും.

''മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു". ഈ വചനം ടോണി മാത്യുവിൽ അന്വർത്ഥമാകുന്നു. ആ ചെറിയ വലിയ മനുഷ്യനെ സൗമ്യനും ശാന്തനുമായിട്ടേ കാണാൻ കഴിഞ്ഞിട്ടുള്ളു.

പ്രൊഫസർ ടോണി മാത്യു എന്ന എഴുത്തുകാരനെ ക്നാനായക്കാർക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ക്നാനായദീപത്തിലെ കാലിക പ്രാധാന്യമുള്ള കോളങ്ങളിലൂടെ അദ്ദേഹത്തിന്റെ ചിന്താധാര നമുക്ക് സുപരിചിതങ്ങളായി. സൺഡേ സ്കൂളിന്റെയും, വനിതാ സമാജങ്ങളുടെയും പരിപാടികളിലൂടെ അദ്ദേഹത്തിന്റെ സരസവും സരളവുമായ പ്രഭാഷണങ്ങളിലൂടെ അദ്ദേഹം നമുക്ക് പ്രിയങ്കരനായി. അദ്ദേഹം വെറുമൊരു കോളേജ് പ്രൊഫസർ മാത്രമായിരുന്നില്ല. സാഹിത്യത്തിലും തത്വശാസ്ത്രത്തിലും വേദോപനിഷത്തിലും പ്രാവീണ്യം നേടിയ ഒരു 'പ്രൊഫസർ' തന്നെയായിരുന്നു. എല്ലാ മതങ്ങളെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ഉൾക്കാഴ്ച ഉണ്ടായിരുന്നു. ഒരു ക്രിസ്ത്യാനി ആയിരുന്നിട്ടും ഹിന്ദു, മുസ്ലീം മതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം എല്ലാ മതങ്ങളുടെയും സാരം ഒന്നു തന്നെയാണെന്നുള്ള പരമതത്വം അദ്ദേഹം മനസ്സിലാക്കുകയും തന്റെ കൃതികളിൽ അത് പ്രതിഫലിപ്പിക്കുകയും ചെയ്തു.

കേരള സാഹിത്യ അക്കാദമി അംഗം മുതൽ നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇൻഡ്യ ഉപദേശക സമിതി അംഗം വരെ വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. വ്യത്യസ്ഥ മേഖലകളിലായി മുപ്പതോളം കൃതികളുടെ രചയിതാവാണ് ടോണി മാത്യു. അതിൽ ഏറ്റവും പ്രശസ്തമായത് 'ഹൈന്ദവ ദർശനം'. ഇതിന് മിഡിൽ ഈസ്റ്റ് ഹിന്ദു അസ്സോസിയേഷന്റെ സനാതന ധർമ്മ പുരസ്കാരം ലഭിച്ചു. കൂടാതെ ഒട്ടനവധി അവാർഡുകളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. റേഡിയോയിലും ദൂരദർശനിലും ശ്രദ്ധേയമായ പല പരിപാടികളും അവതരിപ്പിച്ചിട്ടുണ്ട്. ഇടയ്ക്ക് 'ഹരിശ്രീ' എന്നൊരു മാസികയും നടത്തിയതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

മതങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ അദ്ദേഹം പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടോണി മാത്യു എന്ന വ്യക്തിയുടെ ആന്തരിക ജീവിതത്തിന്റെ സത്ത അഗാധമായ ആത്മീയശാന്തതയുടെ ധന്യതയായിരുന്നു.

ടോണി മാത്യുവിന്റെ നിര്യാണം ക്നാനായ സമുദായത്തിന് ഒരു നഷ്ടം തന്നെയാണ്. എന്നാലും ബൈബിൾ വചനപ്രകാരം നമുക്ക് ആശ്വസിക്കാം. ''ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും". മൃത്യുവിന്റെ അദൃശ്യകല്പനയ്ക്കു മുന്നിൽ പ്രസാദമധുരമായ ആ വിചാരധാര നിശ്ചലമായി. എനിക്കെന്റെ ഗുരുവും സ്നേഹിതനും സഹോദരനും നഷ്ടമായി. കുറെ നല്ല ഓർമ്മകൾ ശേഷിപ്പിച്ച് യാത്രയായ ആ നല്ല ഗുരുവിന് എന്റെ പ്രണാമം.

## എഡിറ്റോറിയൽ തുടർച്ച...

ത്തുന്ന കോലാഹലങ്ങൾ ക്രിസ്തുവിലുള്ള പാവനമായ നമ്മുടെ ഐക്യതയെ വളർത്തുകയോ നിഷേധിക്കുകയോ? ചിന്തിക്കുക. നമ്മുടെ ഇടയിലെ വിഭാഗിക ചിന്തകളുടെ ഘോഷയാത്രയ്ക്ക് നമുക്ക് വിരാമം ഇടാം. ക്രിസ്തുവിനുവേണ്ടി ശക്തിമത്തായ വേല ചെയ്യുവാൻ വിളിക്കപ്പെട്ട നാം സ്നേഹത്തിന്റെ ശക്തിമത്തായ സൗഹാർദ്ദം പുലർത്താം. അതിനായി സ്നേഹത്തിന്റെ ഒരു വിപ്ലവം തന്നെ നമുക്ക് സൃഷ്ടിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# വിവാഹിതരായി



Advt -

ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ കല്ലുകുളത്തിൽ ശ്രീ കെ. സി. സ്കറിയായുടേയും അമ്മിണി സ്കറിയായുടെയും മകൻ **ജിനു സ്കറിയായും** ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ മടുക്കമൂട്ടിൽ കൊച്ചുമോന്റെയും കൊച്ചുമോളുടെയും മകൾ **മിനി സൂസൻ വർഗ്ഗീസും** തമ്മിലുള്ള വിവാഹം 30–12–2019 ൽ ചിങ്ങവനം ശാലേം പള്ളിയിൽ വച്ച് അഭി. സഖറിയാസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**Best wishes**

**ആസ്റ്റിൻ ഇട്ടി വർഗ്ഗീസ്, രെഹൻ എബ്രഹാം വർഗ്ഗീസ്**



## 50th Wedding Anniversary

**P. A. Abraham**
**(കുഞ്ഞവറാച്ചൻ)**

**&**

**Sosamma Abraham**
**(അമ്മിണി)**

**Pallickal,**
**Ranny**

"ഇത്രത്തോളം
യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം
ഞങ്ങളെ നടത്തി'

Advt -

***With love & prayers***

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

## 40th Wedding Anniversary

20-01-2020



**T. C. Jose & Annamma Jose**

Ottapinal House, Pulloopuram, Ranny

*Prayerful greetings from*

Moncy & Lija - Milan, Ryan
Elbin & Linta - Elona, Liyana
Sibu & Linju - Deron

Advt -

## 10-ാം വിവാഹ വാർഷികം

04- 01-2020



**ദീപു മാത്യു**
**&**
**രമ്യ ദീപു**

പുലയകുന്നിൽ,
ഇരവിപേരൂർ

"ഇത്രത്തോളം
യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം
ഞങ്ങളെ നടത്തി"

*ആശംസകളോടെ*
*ഡാൽവിൻ & ഡാനിയ*

Advt -

## 50th Wedding Anniversary

26-01-2020



**Mathai Skaria & Saramma Skaria**

Kochuparambil, (Vazhiyil), Chingavanam

Advt -

*With love & prayers from*
Blaise, Brenda, Wilby, Felix, Sarah, Bryan, Ben

## 50-ാം വിവാഹ വാർഷികം

04-01-2020



**പി. സി. ഏലിയാസ് & ഏലിയാമ്മ**

പ്ലാന്തോട്ടം, ചിങ്ങവനം

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ സഹായിച്ചു'

Advt - O

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

# Congratulations



**"Mrs. Judy Jays** has been conferred with Ph.D in Pharmaceutical Sciences by Rajiv Gandhi University of Health Sciences, Bangalore in December 2019.

She is an Assistant Professor with Faculty of Pharmacy, Ramaiah University. Judy is the daughter of Mr. Thomas Mammen and Mrs. Valsamma Thomas, Puthenpurackal, Ranny and wife of Jays Chandy, Edasseril Ranny. Their home parish is St. Thomas Valiyapally, Ranny and currently based in Bangalore and part of St. Mary's Knanaya Church, Hennur."

# 50th Wedding Anniversary

11-01-2020



## പി. സി. ഉണ്ണിട്ടൻ (കുഞ്ഞുമോൻ) &
## ലീലാമ്മ ഉണ്ണിട്ടൻ

പള്ളിക്കൽ, കുറ്റൂർ, കണ്ണൂർ

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

***With love & prayers***

**മക്കൾ , മരുമക്കൾ, കൊച്ചുമക്കൾ**

Advt -

# 60 – ാം വിവാഹ വാർഷികം

24-01-2020





**വിവാഹ വാർഷികം ആഘോഷിക്കുന്ന
അച്ചാച്ചനും അമ്മച്ചിയ്ക്കും
ഞങ്ങളുടെ പ്രാർത്ഥനാ നിർഭരമായ
ആശംസകൾ**

## കെ. സി. സൈമൺ & കുഞ്ഞൂഞ്ഞമ്മ സൈമൺ

(അനിയൻ) (കെ. സി. അച്ചാമ്മ കളത്തിൽ)

ഓണാട്ട്, കോട്ടയം

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -



**Happy 25th**
**Wedding Anniversary**
to our
**Pappa & Mummy**
*(08/01/2020)*

**Santhosh K. Abraham**
**&**
**Sheeba Santhosh**
കരിയിൽ, ചിങ്ങവനം
*(Connecticut, USA)*

*With lots of love & prayers*
***Bijo, Aleena, Abru***




PROJECT BY
WAKE

KNANAYA WEDDINGS.COM


ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം +91 70254 22022
ചിങ്ങവനം +91 94461 46000

info@knanayaweddings.com I knanayaweddings@gmail.com





കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി
ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**ആശയവിനിമയം (തുടർച്ച)**

"വാക്കുകൾ മാത്രമല്ല, നോട്ടം, സ്പർശനം, ചിരി എന്നിവയെല്ലാം ആശയവിനിമയ മാർഗ്ഗങ്ങളായി വിനിയോഗിക്കാം". കുടുംബഭദ്രതയ്ക്ക് ഏറ്റുപറച്ചിൽ അനിവാര്യമാണ്. പിണങ്ങിയിരിക്കുന്ന ലിസിയോട് ഒരു കാപ്പിയിട്ടുതരാൻ ജോസഫ് പറഞ്ഞാൽ ലിസി അനുസരിക്കാതിരിക്കില്ല. പിണക്കം പ്രകടിപ്പിച്ചുകൊണ്ട് കാപ്പി കൊണ്ടുവരുന്ന ലിസിയുടെ പിണക്കം മാറ്റാൻ ഒരു വഴിയുണ്ട്.

"അതെന്താണച്ചോ?", ജോസഫ് ആകാംക്ഷയോടെ ചോദിച്ചു.

"ധൃതി വയ്ക്കാതെ ജോസഫ്, പറഞ്ഞു തരാം. ശ്രദ്ധിച്ചുചെയ്യേണ്ട വിഷയമാണ്". അച്ചൻ ചിരിച്ചു.

"ശരിയച്ചോ". ജോസഫിന്റെ ആകാംക്ഷ കണ്ട് ലിസിയും ചിരിച്ചു.

"കാപ്പി കൊണ്ടുവരുമ്പോൾ ലിസിയുടെ വിരലിൽ ജോസഫ് സ്പർശിക്കണം. സ്പഷ്ടമായി പറഞ്ഞാൽ ലിസിയുടെ കൈയ്യിൽ ജോസഫ് ഒന്നു ചൊറിയണം. ആ സ്പർശനം ലിസിയെ പുളകിതയാക്കും. ലിസിയുടെ എല്ലാ പ്രശ്നങ്ങളും അതോടെ അവസാനിക്കും".

"എന്താ ഐഡിയാ കൊള്ളാമോ"? അച്ചൻ ചിരിച്ചു കൊണ്ടു ചോദിച്ചു.

'ഉഗ്രൻ ഐഡിയ'. ജോസഫ് പറഞ്ഞു.

ഇപ്പോഴും ലിസി നാണിച്ചിരിക്കയാണ്.

"അച്ചോ, എന്റെ കൈയ്യിൽ മറ്റൊരു നമ്പർ ഉണ്ട്. അത് ലിസിക്കും ഇഷ്ടമാണ്. പറയട്ടെ ലിസി". ജോസഫ് വളരെ ഉത്സാഹത്തിലാണ്.

ലിസി വീണ്ടും ലജ്ജാവതിയായി

"ഈ ജോസ്ച്ചായനെക്കൊണ്ട് തോറ്റു".

"ജോസഫ് ആള് കൊള്ളാമല്ലോ. ഇത്തരം നമ്പർ കൈയ്യിലുണ്ടല്ലോ". അച്ചൻ അഭിനന്ദിച്ചു.

"അച്ചോ, സ്ത്രീകളുടെ മനഃശാസ്ത്രം അച്ചനും അറിയാമല്ലോ. ഞാൻ അവളുടേതാണെന്ന് വെളിവാക്കുന്ന എന്തു തന്ത്രവും ഫലിക്കും".

ജോസഫ് വാചാലനായി.

"എങ്കിൽ കേൾക്കട്ടെ ഫലപ്രദമായ ആ തന്ത്രം". അച്ചൻ ജോസഫിനെ പ്രോത്സാഹിപ്പിച്ചു.

ജോസഫ് കണ്ഠശുദ്ധി വരുത്തി ലിസിയെ നോക്കിച്ചിരിച്ചു. തുടർന്നു പറഞ്ഞു.

"ഒരിക്കൽ ഞാനും ലിസിയും തമ്മിലൊരു സൗന്ദര്യപ്പിണക്കം. പിള്ളാർ ഉണ്ടാകുന്നതിനു മുൻപാണ്. ഞാൻ തന്നെയാണ് വഴക്കിനു കാരണവും. പിണങ്ങിയിരിക്കുന്ന ലിസിയെ ഇണക്കണമെന്ന് ഞാൻ ചിന്തിച്ചു. ആദ്യം എന്നിലെ ഭർത്താവ് എന്ന അഹങ്കാരം പ്രശ്നപരിഹാരത്തിന് മുൻകൈ എടുക്കുവാൻ സമ്മതിച്ചില്ല. എന്നാൽ അല്പം കഴിഞ്ഞപ്പോൾ ഈ പിണക്കം മറ്റ് വല്ല ദുരന്തത്തിനും കാരണമാകുമോയെന്ന് ഭയന്നിട്ട് ലിസിയുടെ പിണക്കം മാറാൻ ഞാനൊരു അടവ് പയറ്റി".

"കേൾക്കട്ടെ ആ അടവ്. എനിക്ക് മറ്റെവിടെയെങ്കിലും ക്ലാസ്സെടുക്കുമ്പോൾ പറഞ്ഞുകൊടുക്കാമല്ലോ". അച്ചൻ ഉത്സാഹത്തിലാണ്.

"അച്ചോ, ഇടംവലം നോക്കി; ആരും കാണുന്നില്ലെന്ന് ഉറപ്പു വരുത്തിയിട്ട് ഞാൻ ലിസിയെ കണ്ണിറുക്കി കാണിച്ചു. എന്നു പറഞ്ഞാൽ നന്നായിട്ടൊന്നു സൈറ്റടിച്ചു. ലിസി പെട്ടെന്ന് രോമാഞ്ചമണിഞ്ഞു. എന്നെ നോക്കി സ്നേഹത്തോടെ പുഞ്ചിരിച്ചു. എന്നിട്ട് എന്നോട് പറയുകാ. കൊച്ചുകള്ളൻ; മുൻപെ എന്നോട് എന്തൊരു തൊന്തരവാണ് പറഞ്ഞത്. ഇപ്പോൾ കിന്നാരം കാണിച്ചു വന്നിരിക്കയാണ്. ലിസിയുടെ പിണക്കം എങ്ങോട്ട് പോയെന്നറിയില്ല". ജോസഫ് പറഞ്ഞു നിർത്തി.

അച്ചൻ പൊട്ടിച്ചിരിച്ചുകൊണ്ട് കൂട്ടിച്ചേർത്തു.

"ജോസഫിന്റെ സൈറ്റടി കിട്ടിയപ്പോൾ ലിസി ചില ചോക്ലേറ്റിന്റെ പരസ്യം പോലെ അലിഞ്ഞില്ലാതെയായി. ആ സൈറ്റടി തന്നോടുള്ള ഇഷ്ടത്തിന്റെ പ്രതിഫലനമാണെന്ന ബോധ്യം ജോസഫിനോടുള്ള പിണക്കം തീർക്കാൻ കാരണമായി ത്തീർന്നു അല്ലെ".

"അതെ അച്ചോ" ജോസഫ് പറഞ്ഞു.

മക്കളെ ഇത് നിങ്ങളുടെ ജീവിതമാ

ണ്. ഒരു പിണക്കവും കിടപ്പറയ്ക്കപ്പുറത്തേക്കു പോകരുത്. ഉറങ്ങുന്നതിനു മുൻപ് എന്തു പ്രശ്നമുണ്ടെങ്കിലും പറഞ്ഞുതീർക്കണം. പറഞ്ഞു തീർക്കുവാൻ രാത്രിയാകാൻ നോക്കിയിരിക്കേണ്ട. പകലുതന്നെ പറഞ്ഞുതീർക്കുന്നതിനുള്ള ഐഡിയ ദൈവം നിങ്ങൾക്കു തരും. അതിനായുള്ള സമർപ്പണം നിങ്ങൾക്കുണ്ടാകണം. ക്രിസ്തുവിനെ കേന്ദ്രബിന്ദുവാക്കി ജീവിക്കുന്ന ഏതൊരു കുടുംബത്തിന്റെയും ഭദ്രതയ്ക്ക് ആവശ്യമായ കൃപ ദൈവം നൽകും.

രണ്ടു വ്യക്തിത്വങ്ങളാകുമ്പോൾ ഒരുപക്ഷെ രണ്ട് അഭിപ്രായങ്ങളുണ്ടായേക്കാം. ഏതൊരു ഭാര്യാഭർത്താക്കന്മാരിലും അഭിപ്രായഭിന്നത ഉണ്ടായേക്കാം. എന്നാൽ അഭിപ്രായം പ്രകടിപ്പിക്കുന്നതുകൊണ്ട് വഴക്കാണെന്ന് കരുതേണ്ട. അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള ധൈര്യം രണ്ടുപേർക്കുമുണ്ടാകണം. ജീവിതപങ്കാളിയുടെ അഭിപ്രായം തന്റെ അഭിപ്രായത്തിന് ഘടകവിരുദ്ധമാണെങ്കിൽപ്പോലും അതിനെ ഹൃദയവിശാലതയോടും ബഹുമാനത്തോടും വീക്ഷിക്കുന്ന വ്യക്തിയാണ് ഉത്തമ ഭർത്താവ്/ഭാര്യ. വളർന്നുവന്ന പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ പങ്കാളി അഭിപ്രായം പറയുമ്പോൾ പങ്കാളിയുടെ കണ്ണിലൂടെ ആ വിഷയത്തെ നോക്കിക്കാണുവാൻ കഴിയുന്നതാണ് ശരിയായ ആശയ വിനിമയം.

പല കുടുംബങ്ങളിലും സംഭവിക്കുന്ന ഒരു അപകടമാണ് പ്രശ്നങ്ങൾ കിടപ്പറയ്ക്ക് വെളിയിൽ പോകുന്നു എന്നത്. ലിസി അമ്മയോട് എല്ലാം പറയുന്നുവെന്ന് പറയുന്നതുപോലെ മറ്റ് ചിലർക്ക് വിശ്വസിക്കുവാൻ കൊള്ളാവുന്ന ചില ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടായിയെന്നു വന്നേക്കാം. ഭാര്യയും ഭർത്താവും മാത്രം അറിയേണ്ട ചില വസ്തുതകൾ അല്ലെങ്കിൽ അവരുടെ സ്വകാര്യത ഇങ്ങനെ വിശ്വസിക്കുവാൻ കൊള്ളാവുന്നവരോട് അവർ പങ്കുവച്ചേക്കാം. അതിന്റെ പ്രത്യാഘാതം എത്ര വലിയതായിരിക്കുമെന്ന് ഊഹിക്കുവാൻ പോലും കഴിയില്ല. ഈ സ്വകാര്യത നാട്ടിലെ പാട്ടാകുവാൻ അധികനാൾ വേണ്ടിവരില്ല. അതിലൂടെ പങ്കാളിയിൽ നിന്നും ഭാര്യാ/ഭർത്താവ് അകലുവാനുള്ള അവസരം ഉണ്ടായേക്കാം.

ആയതിനാൽ ആശയവിനിമയം എന്ന വിഷയം ചർച്ച ചെയ്യുമ്പോൾ യാതൊരു കാരണവശാലും നിങ്ങളുടെ വിഷയങ്ങൾ കിടപ്പറയ്ക്ക് പുറത്ത് പോകരുതെന്ന അഭിപ്രായമാണെനിക്കുള്ളത്. നിങ്ങൾ സ്നേഹിക്കുന്നുവെന്ന് പറയുന്ന നിങ്ങളുടെ പ്രിയപ്പെട്ടവർപോലും നിങ്ങൾക്ക് ദോഷമുണ്ടാകാൻവേണ്ടി പുറത്ത് പറയുന്നതല്ല, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വേണ്ടിയായിരിക്കാം പറയുന്നത്. ഒരുപക്ഷെ അവരുടെ കൈയ്യിൽ നിന്നും ഈ വിഷയം വിട്ടുപോയാൽ അവർക്ക് തിരിച്ചെടുക്കുവാൻ കഴിയാതെ വരും. അത് ജീവിതപങ്കാളിയെ നിരാശപ്പെടുത്തിയേക്കാം. തങ്ങൾക്കുമാത്രം അറിയാവുന്ന രഹസ്യം പുറത്തറിഞ്ഞുവെന്നതിലുള്ള ആഘാതം അവരുടെ ഇടയിൽ ഒരു വലിയ വിടവ് സൃഷ്ടിച്ചേക്കാം എന്നത് മറന്നുപോകരുത്.

“വീട്ടിലുള്ളവരോട് നിങ്ങളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിൽ അപാകതയുണ്ടെന്ന് ഞാൻ പറയില്ല. പക്ഷെ ചിലപ്പോൾ അത് അപകടത്തിലേയ്ക്ക് നയിച്ചേക്കാം”. അച്ചൻ പറഞ്ഞു.

വീട്ടുകാർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ അനുഭവ സമ്പത്ത് പറഞ്ഞുതന്ന് നിങ്ങളെ തിരുത്തുവാൻ സഹായിക്കുകയും ചെയ്തേക്കാം. എന്നാൽ Possessiveness കൂടുതലുള്ള മാതാപിതാക്കൾ മക്കളുടെ പ്രശ്നങ്ങളെ അവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വഴിതിരിച്ചു വിട്ടേക്കാം. അങ്ങനെയൊരു അനുഭവം എന്റെ വൈദികവൃത്തിയിൽ സംഭവിച്ചിട്ടുണ്ട്. ചില വർഷങ്ങൾക്കുമുമ്പ് ഒരു ഇടവകയിൽ ഞാൻ ശുശ്രൂഷ ചെയ്യുമ്പോഴുണ്ടായ ഒരു അനുഭവം പങ്കുവയ്ക്കാം.

ജോസഫും ലിസിയും ചെവി



കൂർപ്പിച്ചിരിക്കുകയാണ്. പങ്കുവയ്ക്കലിനുമുമ്പായി ഒരു കാപ്പി ആകാം. സമയം നാലുമണി കഴിഞ്ഞു.

എല്ലാവർക്കും സന്തോഷം. കാപ്പി കുടിച്ചതിനുശേഷം അച്ചൻ തനിക്കുണ്ടായ അനുഭവം വിവരിച്ചു.

അനൂപ് പട്ടണത്തിലെ പ്രശസ്തമായ ഒരു കമ്പനിയിലെ മാർക്കറ്റിംഗ് മാനേജർ. പഠനത്തിൽ വളരെ മിടുക്കനായിരുന്ന അനൂപ് ഡൽഹിയിലെ ഒരു പ്രശസ്തമായ യൂണിവേഴ്സിറ്റിയിൽ നിന്നും MBA എടുത്ത ഉടനെ തന്നെ നാട്ടിലുള്ള ഒരു കമ്പനിയിൽ ജോലി ലഭിച്ചു. അനൂപ് കർഷക കുടുംബത്തിലെ അംഗവും മാതാപിതാക്കളുടെയും ഇടവകക്കാരുടെയും നാട്ടുകാരുടെയും പ്രിയപ്പെട്ട മാതൃകാ യുവാവുമാണ്. ഇടവകപ്പള്ളിയിൽ മദ്ബഹായിലെ ശുശ്രൂഷകൻ, സൺഡേസ്കൂൾ അദ്ധ്യാപകൻ തുടങ്ങിയ നിയോഗങ്ങളുള്ളവൻ, എല്ലാവർക്കും പ്രിയപ്പെട്ടവൻ. എല്ലാ ശനിയാഴ്ചയും പട്ടണത്തിൽ നിന്നും ഗ്രാമത്തിലെത്തുകയും മാതാപിതാക്കളോടൊപ്പം താമസിക്കുകയും ഞായറാഴ്ച പള്ളിയിൽ പോകുകയും ചെയ്യും. തിങ്കളാഴ്ച രാവിലെയാണ് ജോലിസ്ഥലത്തേക്ക് മടങ്ങിപ്പോകുന്നത്.

ഒരു ഞായറാഴ്ച ക്വയറിലെ പുതിയ ഫീമെയിൽ വോയ്സ് കേട്ട് അനൂപിന്റെ അമ്മയുടെ ശ്രദ്ധ അവിടെ എത്തി. സുന്ദരിയായ ഒരു യുവതി. അമ്മയ്ക്ക് കണ്ട മാത്രയിൽ വളരെ ഇഷ്ടമായി. കുർബ്ബാന കഴിഞ്ഞ് അനൂപിന്റെ അമ്മ എന്നെ കാണാൻ വന്നു. എന്നോടൊരു ചോദ്യം.

"അച്ചോ ക്വയറിൽ പുതിയതായി വന്ന ആ പെൺകുട്ടി ഏതാണ്? നമ്മുടെ ഏതെങ്കിലും പിള്ളാരാണോ. പിള്ളാരൊക്കെ വലിയതായി കഴിഞ്ഞാൽ തിരിച്ചറിയാൻ വലിയ പ്രയാസമാണ്. അതുകൊണ്ട് എനിക്കു ആ കൊച്ചിനെ മനസ്സിലായില്ല".

ആ കുട്ടി നമ്മുടെ ഗ്രാമത്തിലെ ഹൈസ്കൂളിൽ കണക്കു പഠിപ്പിക്കാൻ വന്ന പുതിയ ടീച്ചറാണ്. പേര് റോഷിനി. പട്ടണത്തിലാണ് വീട്. എല്ലാ ദിവസവുമുള്ള യാത്ര ഒഴിവാക്കുവാൻ എന്റെ പരിചയക്കാരനായ അവളുടെ പിതാവ് അവൾക്കൊരു സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ പറഞ്ഞിരുന്നു. പക്ഷെ അതിന്റെ ഒന്നും ആവശ്യം വന്നില്ല. മറ്റ് ചില ടീച്ചർമാരോടൊപ്പം സ്കൂളിനടുത്തുള്ള ഒരു വാടകവീട്ടിൽ ഇപ്പോൾ താമസമാണ്. ഞായറാഴ്ച നമ്മുടെ പള്ളിയിൽ വരും. അവളുടെ ഇടവകപ്പള്ളിയിലെ ക്വയറിലും അവൾ പാടുന്നുണ്ട്. നല്ല പാട്ടുകാരിയാണ്.

"കെട്ടിച്ചതാണോ അച്ചോ"?

ആ അമ്മയുടെ ആകാംക്ഷ കണ്ട് എനിക്ക് ചിരിവന്നു. വിവാഹപ്രായമായ ഏതൊരു മക്കളുടെയും അമ്മമാർക്കുള്ള ആകാംക്ഷ ഈ അമ്മയ്ക്കും ഉണ്ടായി. പോരാത്തതിന് സുന്ദരിക്കുട്ടിയും.

"എന്താ അനൂപിന് ആലോചിക്കണോ? വേണമെങ്കിൽ ഞാൻ അവളുടെ പപ്പായോട് ചോദിക്കാം". ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഞാൻ വീട്ടിലൊന്നു പറയട്ടെ. കൂടാതെ അനൂപിന്റെ ഇഷ്ടവും അറിയണമല്ലോ". അമ്മാമ്മ പറഞ്ഞുകൊണ്ടു നടന്നുപോയി.

റോഷിനിക്കൊരു സഹോദരനുണ്ട്. അപ്പന്റെ കൂടെ ബിസിനസ്സിലാണ്. സാമാന്യം ഭേദപ്പെട്ട കുടുംബം. നല്ല തറവാട്ടുകാരും. ആലോചന റോഷിനിക്കും വീട്ടുകാർക്കും താൽപര്യമായി. അനൂപിന് രണ്ട് സഹോദരിമാരാണ്. രണ്ടുപേരും വിവാഹിതർ. എല്ലാം ഒത്തുവന്നപ്പോൾ അനൂപിന്റെയും റോഷിനിയുടെയും വിവാഹം സമംഗളം നടന്നു. തറവാട്ടിൽ നിന്നും നടന്നുപോകുവാൻ മാത്രം ദൂരമുള്ള സ്കൂളിലേയ്ക്ക് വളരെ സന്തോഷവതിയായി റോഷിനി പോകുകയും വരികയും ചെയ്തു. അനൂപിന്റെ തറവാട്ടിലെ മാലാഖയായിരുന്നു അവൾ. ഒരു വർഷമാകുന്നതിനു മുമ്പുതന്നെ അവർക്കൊരു മകൾ ജനിച്ചു. മൂന്നു മാസം തികയുമ്പോൾ കുഞ്ഞുമായി ഭർതൃഗൃഹത്തിലേക്കു പോകണമെന്ന നാട്ടുനടപ്പനുസരിച്ച് ചെയ്യുവാൻ റോഷിനിക്കു വൈമനസ്യം. റോഷിനി അനൂപിന്റെ മുൻപിൽ ഒരു ആഗ്രഹം പ്രകടിപ്പിച്ചു.

"പട്ടണത്തിൽ എന്റെ വീടിനടുത്തുള്ള സ്കൂളിലേയ്ക്ക് മാറ്റത്തിന് അപേക്ഷിച്ചാലോ?"

അനൂപിന് സമ്മതമല്ലായിരുന്നു.

കുഞ്ഞിനെ തറവാട്ടിലാക്കി ആഴ്ചയിൽ രണ്ടുദിവസം മാത്രം കുഞ്ഞിനെ മുലയൂട്ടുന്നതിനോടും കുഞ്ഞിന് ടിൻഫുഡ് കൊടുക്കുന്നതിനോടുമുള്ള തന്റെ എതിർപ്പ് അനൂപ് പ്രകടിപ്പിച്ചു.

"അയ്യോ അതിന് കുഞ്ഞിനെ തറവാട്ടിലാക്കി ഞാൻ ജോലിക്കു പോകുന്ന കാര്യമല്ല പറഞ്ഞത്. നമുക്കു രണ്ടുപേർക്കും പട്ടണത്തിൽ ജോലിയാകുന്ന സ്ഥിതിക്ക് ഒന്നുകിൽ പട്ടണത്തിലൊരു വീട് വാടകയ്ക്കെടുക്കണം; അല്ലെങ്കിൽ എന്റെ വീട്ടിൽ താമസിക്കാമല്ലോ; വലിയ വീടല്ലെ".

അനൂപിന്റെ ഉള്ളിലെ പുരുഷത്വം ഉണർന്നു. തന്നെ ഭാര്യവീട്ടിൽ തളച്ചിടുവാനുള്ള ശ്രമമാണ് റോഷിനിയും കുടുംബവും പദ്ധതിയിടുന്നതെന്ന് ധരിച്ച് അവന്റെ ഉള്ളിലെ ഈഗോ സടകുടഞ്ഞെടുന്നേറ്റു. അതിനാൽ അനുപ് സമ്മതിച്ചില്ല.

"അതിന് മാതാപിതാക്കളെ ഉപേക്ഷിക്കണമെന്ന് ഞാൻ പറയുന്നില്ല. അവിടുത്തെ കാര്യങ്ങൾ കൂടി നമുക്കു നോക്കാം. നമ്മുടെ മകളെ ഗ്രാമാന്തരീക്ഷത്തിൽ വളർത്തുന്നതിനെക്കാൾ പട്ടണത്തിലെ സൗകര്യങ്ങളിൽ വളർത്തുന്നതല്ലെ നല്ലത്. മാത്രമല്ല എന്റെ മമ്മി ചെറുപ്പമാ. അനൂപിന്റെ അമ്മയ്ക്ക് എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങളുണ്ട്. അതിന്റെകൂടെ കുഞ്ഞിനെ നോക്കുവാൻ ബുദ്ധിമുട്ടല്ലെ". റോഷിനി സമർത്ഥിച്ചു.

"നിനക്കു മൂന്നുമാസം കൂടി അവധിയെടുക്കാമല്ലോ. മോൾക്ക് ആറ് മാസമാകുമ്പോൾ നീ സ്കൂളിൽ പോയാൽ മതി. അത് കഴിയുമ്പോൾ അമ്മയ്ക്ക് കുഞ്ഞിനെ നോക്കുവാൻ ബുദ്ധിമുട്ടാകുകയില്ല. ഏതായാലും നാട്ടുനടപ്പനുസരിച്ച് അടുത്ത ഞായറാഴ്ച നിന്നെയും കുഞ്ഞിനെയും കൊണ്ടുപോകാൻ ഞങ്ങൾ വരും". അനൂപിന്റെ ശക്തമായ തീരുമാനത്തിന് എതിരു നിൽക്കുവാൻ റോഷിനിക്കു കഴിഞ്ഞില്ല.


## അറിയിപ്പ്

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ, ചിങ്ങവനം
Ph: 9605250791



ഡോ. സുനിൽ ഡി. കുരുവിള

# കരിയർ: മത്സരം ഇനി സ്മാർട്ട് യന്ത്രങ്ങളോട്

## Career Success in the age of Intelligent Machines

ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലാംഗ്വേജും ഒക്കെ യഥാർത്ഥ്യമാവുമ്പോൾ അത് ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെഷീനുകൾ എല്ലാം വലിയ മാറ്റമാണ് ലോക തൊഴിൽ രംഗത്ത് സൃഷ്ടിക്കാൻ തയ്യാറെടുക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം സൂക്ഷിച്ചില്ലെങ്കിൽ വലിയ വെല്ലുവിളി തന്നെ ഇത് തൊഴിൽ രംഗത്ത് ഉയർത്തിയേക്കാം. ഇപ്പോൾ തന്നെ ഭാരതത്തെ 'a nation of job-less-growth' എന്നൊക്കെ വിളിച്ചുതുടങ്ങിക്കഴിഞ്ഞു. മാറ്റത്തിന്റെ നേതൃത്വമേറ്റെടുക്കണോ അതോ മാറ്റത്തിന്റെ ബലിയാടാകണോ എന്നുള്ളതാണ് രാജ്യത്തെ യുവത തീരുമാനിക്കേണ്ടത്. വിദ്യാഭ്യാസ രംഗം നന്നേ മാറേണ്ടിയിരിക്കുന്നു. മാറുന്ന ലോകത്തിനനുസരിച്ചുള്ള സിലബസ്സും Multi-disciplinary പഠനരീതികളും; നിരന്തരമായി അറിവു പുതുക്കാനും കഴിവുകൾ വർദ്ധിപ്പിക്കാനും ഉതകുന്ന രീതിയിലുള്ള പഠന സംവിധാനങ്ങളും ഒക്കെ രൂപപ്പെടേണ്ടതുണ്ട്. ഒരു ഡിഗ്രിയുമായി ജീവിതകാലം മുഴുവൻ ജോലി ചെയ്യാമെന്നോ, ഒരു ജോലി തന്നെ retirement വരെ ചെയ്യാമെന്നോ ഇനി ആരും മോഹിക്കേണ്ടതില്ല. "The age of job for life is over". നിരന്തരമായി അറിവ് പുതുക്കുന്നവർക്കും ശക്തമായ ആശയരൂപീകരണം നടത്തുന്നവർക്കും ക്രിയാത്മകമായി ചിന്തിക്കുന്നവർക്കും മാത്രമായിരിക്കും ഇനി തൊഴിൽ രംഗത്ത് മുന്നേറ്റം.

കുട്ടികൾ സാധാരണയായി ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, 'ഏതു കോഴ്സിനാണ് ഇനി സാധ്യതയുള്ളത്'? ഒരു ഡിഗ്രി സർട്ടിഫിക്കറ്റ് കൊണ്ട് മാത്രം ഇനി കരിയർ പടവുകൾ കയറാൻ പ്രയാസപ്പെടും. ആവശ്യമായ കഴിവുകളും വ്യക്തിത്വവും മനോഭാവവും ഡിഗ്രിയോടൊപ്പം നേടിയെടുക്കാൻ കഴിയുമ്പോഴാണ് നമ്മുടെ വിദ്യാഭ്യാസത്തിന് വിലയുണ്ടാകുന്നത്. പ്രൊഫഷണൽ കോഴ്സുകളൊന്നും കരിയറിലേക്കുള്ള അന്ധമായ പാതയല്ല, ഓർക്കുക. വിദ്യാഭ്യാസകാലത്തു തന്നെ തൊഴിൽ രംഗത്തെപ്പറ്റി നന്നായി പഠിക്കാനും മനസ്സിലാക്കാനും ശ്രമിക്കുക. Project work, Internship ഒക്കെ പഠനത്തിന്റെ ഭാഗമായി ഉണ്ടെങ്കിൽ വളരെ നല്ല രീതിയിലും നല്ല പ്രസ്ഥാനങ്ങളിലും അത് നിർവ്വഹിക്കാൻ ശ്രമിക്കുക. ഇത് തൊഴിൽ രംഗത്ത് ആവശ്യമായ നൈപുണ്യങ്ങൾ എന്താണെന്ന് തിരിച്ചറിയാനും അത് നേടിയെടുക്കാനും നമ്മളെ സഹായിക്കും. ഒരു നല്ല ഡോക്ടർ ആവേണ്ടയാൾ ആ മൂല്യങ്ങളോടും ശ്രേഷ്ഠതയോടും വിദ്യാർത്ഥികാലംമുതലെ നടക്കാൻ ശ്രമിക്കുക. കാരണം ഓരോ തൊഴിൽ മേഖലയും വെറുമൊരു ഡിഗ്രിയും കുറെ അറിവുകളും മാത്രമല്ല... അതിനും അപ്പുറമാണെന്ന് തിരിച്ചറിയുക.

ലോകം ബുദ്ധിയുള്ള യന്ത്രങ്ങൾ കൊണ്ട് നിറയുമ്പോൾ മോഹഭംഗം വന്ന ഒരു കൂട്ടമായി നമ്മൾ അവശേഷിക്കാതിരിക്കാൻ നാം ഓരോരുത്തരും കൂടുതൽ സ്മാർട്ടും ഇന്റലിജന്റും ഗുണമേന്മയും നേതൃത്വവും ഉള്ളവരായേ മതിയാകൂ. സാങ്കേതിക മികവിനപ്പുറം ആധുനിക തൊഴിൽ രംഗത്ത് വിജയിക്കാൻ വേണ്ട ചില വളരെ പ്രധാനപ്പെട്ട നൈപുണ്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

**1. ക്രിയാത്മകത (Creativity)**

ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓട്ടോമേഷനും തൊഴിൽ രംഗം കീഴടക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട നൈപുണ്യമാണ് ക്രിയാത്മകത. ലോകസാമ്പത്തിക ഫോറത്തിന്റെ അഭിപ്രായം അനുസരിച്ച് ആവർത്തന സ്വഭാവമുള്ളതും, സാധാരണ കാണുന്നതുമായ ഭൂരിപക്ഷം തൊഴിലാളികളും അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് ക്രമേണ അപ്രത്യക്ഷമാകും. പിന്നെ മനുഷ്യന്റെ തൊഴിൽ രംഗത്തെ പിടിച്ചുനിൽപ്പ് അവന്റെ ക്രിയാത്മകത കൊണ്ടായിരിക്കും.

ഭാവിയെക്കുറിച്ച് ചിന്തിക്കുക. പഠിക്കുക; ഭാവിക്കാവശ്യമായ കാര്യങ്ങൾ കണ്ടുപിടിക്കുക; ആസൂത്രണം ചെയ്യുക.... ഇതിനൊക്കെ out- of-the box ചിന്തിക്കാനും ആശയങ്ങൾ രൂപീകരിക്കാനും കഴിയുന്ന മാനവശേഷി ആവശ്യമാണ്. ഇന്റലിജൻസ് മെഷീനുകൾക്കും തീർച്ചയായും ചിന്തിക്കാൻ കഴിയും. എന്നാൽ ക്രിയാത്മകമായി ചിന്തിക്കാൻ കഴിയില്ല. കാരണം അവയുടെ ചിന്ത മുൻകാല ഡേറ്റയിൽ നിന്നാണ് രൂപപ്പെടുന്നത്. മനുഷ്യന് തികച്ചും പുതിയ മാനങ്ങൾ ചിന്തിക്കാനും സൃഷ്ടിക്കാനും കഴിയും.



**2. വിമർശന ബുദ്ധിയോടെയുള്ള ചിന്ത**

**(Critical Thinking)**

വസ്തുനിഷ്ഠമായി ചിന്തിക്കാനും, വിശകലനം ചെയ്യാനും വിലയിരുത്താനും യുക്തിപരമായി തീരുമാനങ്ങൾ എടുക്കാനും കഴിയുന്ന വ്യക്തികൾക്ക് തൊഴിൽ രംഗത്ത് വലിയ സാധ്യതയാണ്. ഇത്തരത്തിലുള്ളവർക്ക് സ്വന്തമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ കഴിയും. ബാഹ്യ ഇടപെടലുകളിൽ നിന്നും മറ്റുള്ളവരുടെ സ്വാധീനങ്ങളിൽ നിന്നും ഉയർന്നു നിന്ന് പ്രവർത്തിക്കാനും തീരുമാനങ്ങളെടുക്കാനും ഉള്ള ശേഷി ഇവരെ വ്യത്യസ്ഥരാക്കുന്നു.

**3. വൈകാരിക ബുദ്ധിശക്തി**

**(Emotional Intelligence)**

സ്വന്തം വികാരങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കാനും മറ്റുള്ളവരുടെ വൈകാരിക ആവശ്യങ്ങൾ കൂടി തിരിച്ചറിഞ്ഞും ഉൾക്കൊണ്ടും പ്രവർത്തിക്കാനുമുള്ള കഴിവാണ് വൈകാരിക ബുദ്ധിശക്തി. വികാരങ്ങളെ നിയന്ത്രിക്കാനും അതിലൂടെ നാം ഉദ്ദേശിക്കുന്ന ലക്ഷ്യം നേടിയെടുക്കാനും ചെറുപ്രായത്തിൽ തന്നെ പരിശീലിക്കേണ്ടതുണ്ട്. ജീവിത വിജയത്തിൽ ബുദ്ധിയേക്കാൾ സ്ഥാനം വൈകാരിക ബുദ്ധിശക്തിക്കാണ്. വൈകാരിക ആരോഗ്യവും പക്വതയും കൈവരിച്ചെങ്കിൽ മാത്രമേ ആധുനിക തൊഴിൽ രംഗത്തും ജീവിത രംഗത്തും നമ്മെ കാത്തിരിക്കുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് നമുക്ക് മുന്നേറാനാവുകയുള്ളൂ. മനുഷ്യനെ സ്വാധീനിക്കേണ്ട അവരുമായി കൂടുതൽ ഇടപെടേണ്ട രംഗങ്ങളിലെല്ലാം വൈകാരിക ബുദ്ധിശക്തി വളരെ പ്രധാനമാണ്. അവനവന്റെ തന്നെ സന്തോഷവും, തൃപ്തിയും വിജയവും വൈകാരിക പക്വതയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

**4. സമീപനത്തിലെ സത്യനിഷ്ഠ**

**(Integrity in Approach)**

.മനുഷ്യനെക്കാളും മെഷീനുകളെ ലോകം വിശ്വസിച്ചു തുടങ്ങിയെങ്കിൽ അതിനു പ്രധാന കാരണം മെഷീനുകളെ കൂടുതൽ ആശ്രയിക്കാനും വിശ്വസിക്കാനും കഴിയും എന്നുള്ളതാണ്.

മൂല്യങ്ങളും ധാർമ്മികതയും തകർന്നുകൊണ്ടിരിക്കുന്ന ലോകത്ത് അവയെ ഉയർത്തി പിടിക്കുന്നവർക്ക് വലിയ സാധ്യതയാണ്. അവസരങ്ങളാണ്. സാങ്കേതികമായും സാമ്പത്തികമായും നമ്മൾ ഒട്ടേറെ മുന്നേറിയിട്ടും ശാശ്വതമായ വിജയം ഇന്നും അന്യം നിൽക്കുന്നെങ്കിൽ അതിനു പ്രധാന കാരണം സത്യവും നീതിയും ധർമ്മവും ഒക്കെ നമ്മൾ വഴിയിൽ ഉപേക്ഷിച്ചതുകൊണ്ടും പണയപ്പെടുത്തിയതുകൊണ്ടുമാണ്. ഓരോരുത്തരും വലിയ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി പ്രവർത്തിക്കുമ്പോഴാണ് പ്രസ്ഥാനങ്ങൾ വിജയിക്കുന്നത്, സമൂഹം മുന്നേറുന്നത്

**5. സാമൂഹിക നേതൃത്വം**

**(Social skill & Leadership)**

മനുഷ്യരുമായി ഭംഗിയായി ഇടപെടുക, നന്നായി സംസാരിക്കുക, ആവശ്യഘട്ടത്തിൽ നേതൃത്വം ഏറ്റെടുക്കുക ഇതൊക്കെ വളരെ പ്രധാനമായ സാമൂഹിക കഴിവുകളാണ്. നല്ല സേവനങ്ങളാണ് ഇന്ന് ലോകത്ത് ഏറ്റവും വലിയ ആവശ്യം. സേവനങ്ങൾ കൊണ്ട് മറ്റുള്ളവരെ അതിശയിപ്പിക്കാൻ കഴിയുന്നവർക്കാണ് ഇന്ന് നിലനിൽപ്പ്. നല്ല മാനുഷിക ഗുണങ്ങൾ, നൈപുണ്യങ്ങൾ ഉള്ളവരെ, സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്നവരെ, ഒരു യന്ത്രങ്ങൾക്കും ഒരു യുഗത്തിനും തോൽപ്പിക്കാൻ സാധിക്കുകയില്ല. സന്തോഷത്തോടെയും ഊഷ്മളമായും പ്രവർത്തിക്കാൻ ശീലിക്കാം.

## സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള... പേജ് 9 തുടർച്ച

ശോധന വേളയിൽ 1.പത്രോ. 1:7. അവരെ ഉറപ്പിച്ചു നിർത്തുന്ന നങ്കൂരം അത്രേ പ്രത്യാശ. എബ്രാ. 6:19 വിശ്വാസം, പ്രത്യാശ, സ്നേഹം 1.കോരി. 13:13 പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. റോമ.8:24 നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം ദൈവവും അവന്റെ വചനവും ആണ്. നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവം God of Hope. റോമ. 15:13 ആണ്. പ്രത്യാശയോടെ ഭാവിയിലേക്ക് നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർത്തിയിരിക്കുന്ന ദൈവസ്നേഹം പ്രത്യാശയിൽ നമ്മേ ബലപ്പെടുത്തുന്നു. റോമ. 5:5).

8). **നാം സ്ഥിരതയോടെ ഓടുക. എബ്ര 12:1** ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുറ്റും നില്ക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. അങ്ങനെ എങ്കിൽ നാം മുന്നേറിക്കൊണ്ടിരിക്കും. എവിടെയാണ് പരാജയപ്പെട്ടിരിക്കുന്നത് എന്ന് ഓരോ ദിവസവും തിരിഞ്ഞു നോക്കി ഞാൻ എത്ര ദൂരം മുന്നോട്ടു നീങ്ങി എന്നു വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

**9). നാം അവന്റെ അടുക്കൽ അടുത്തു ചെല്ലുക. എബ്രാ. 13:13.** ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്തു അവന്റെ അടുക്കൽ അടുത്തു ചെല്ലുക. നമുക്കുവേണ്ടി നഗരവാതിലിനു പുറത്തുവച്ച് കഷ്ടമനുഭവിച്ചവനാണ് നമ്മുടെ കർത്താവ്. കർത്താവിനെ സേവിക്കുന്നതിന് കഷ്ടതയോ നിന്ദയോ പീഡനമോ ഒന്നും തടസ്സമാവരുത്. ഫിലി.1:29.

10). അതുകൊണ്ട് അവൻ മുഖാന്തിരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റു പറയുന്ന **അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക.** പുറ13:15. എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ. 'നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ ഞാൻ, നിർത്തരുതേ; നിർത്തിയാൽ നരകം തന്നെന്നവകാശം എന്ന് നമ്മുടെ പിതാക്കന്മാർ പാടി. എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ. 1. തെസ്സ. 5:18 നിന്റെ ദൈവമായ യഹോവയെ ഭയപ്പെടണം. അവനെ സേവിക്കണം. അവനോട് ചേർന്നിരിക്കണം. അവനു സ്തോത്രം അർപ്പിക്കണം. ആവ.10:20-21. സ്തോത്രത്തോടെ യാഗം അർപ്പിക്കുന്നവൻ എന്നേ മഹത്വപ്പെടുത്തുന്നു. സങ്കീ. 50:23. പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായാലും സ്തോത്രം അർപ്പിക്കണം ഹബക്കൂസ്. 3:17-18.

**11). നന്മ ചെയ്യുവാനും കൂട്ടായ്മ ആചരിപ്പാനും മറക്കരുത്.** ഈവക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്. എബ്ര. 13:16 ദൈവത്തോട് നന്ദിയുള്ള ഹൃദയം ഉള്ളവരായി അവനെ ആരാധിച്ച് മഹത്വപ്പെടുത്തണം. ഈവക ചെയ്താൽ നമുക്ക് അവനോടുകൂടി സ്വസ്ഥതയിൽ പ്രവേശിക്കാം.

# മനുഷ്യപുത്രനായ യേശു

പ്രൊഫ. പി. കെ. സ്കറിയാ, കുന്നത്തിൽ

## യേശു സുവ്യക്തമാക്കിയ മൂല്യങ്ങളും വർത്തമാനകാല കേരള ക്രൈസ്തവ സഭയും (സഭകളും)

(കഴിഞ്ഞലക്കം തുടർച്ച)

**(2) പരസ്പര സ്നേഹം, ക്ഷമ, സഹിഷ്ണുത, തിന്മയെ നന്മകൊണ്ട് എതിർക്കുക, ഐകമത്യം**

യേശുക്രിസ്തു തന്റെ ജീവിതവും ഉപദേശങ്ങളും ഉപമകളും വഴിയായി പരസ്പര സ്നേഹത്തിന്റെയും ക്ഷമയുടെയും സഹിഷ്ണുതയുടെയും ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

(a) എല്ലാറ്റിലും മുഖ്യകല്പന ഏത്? എന്ന ശാസ്ത്രിമാരിൽ ഒരുവന്റെ ചോദ്യത്തിന് യേശുവിന്റെ മറുപടി ശ്രദ്ധിക്കുക.

"എല്ലാറ്റിലും മുഖ്യകല്പന: യിസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്നാകുന്നു. രണ്ടാമത്തേതോ നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഇവയെക്കാൾ വലിയ കല്പന വേറെ ഇല്ല" (വി. മർക്കോസ് 12:29–32).

(b) "ഒരു രാജ്യം തന്നിൽതന്നെ ഭിന്നിക്കുന്നുവെങ്കിൽ ശൂന്യമാകും. ഒരു പട്ടണമോ ഗൃഹമോ തന്നിൽതന്നെ ഭിന്നിക്കുന്നുവെങ്കിൽ നിലനിൽക്കയില്ല" ഈ ഉപദേശത്തിൽകൂടി യേശു പരസ്പര ഐക്യത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു (വി. മത്തായി 12:25, വി. മർക്കോസ് 3:24,25).

(c) നല്ല അയൽക്കാരന്റെ കഥയിൽ കൂടിയും മുടിയനായ പുത്രന്റെ ഉപമയിൽ കൂടിയും പരസ്പര സ്നേഹത്തിന്റെയും വിട്ടുവീഴ്ചയുടെയും ആവശ്യകത യേശു ചൂണ്ടിക്കാണിച്ചു. "നിങ്ങൾ അന്യോന്യം സ്നേഹിക്കണമെന്ന ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം എന്നു തന്നെ. നിങ്ങൾക്കു പരസ്പരം സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്ന് എല്ലാവരും അറിയും. (വി.യോഹ. 13: 34,35)

(d) "..............നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവീൻ; നിങ്ങളെ വെറുക്കുന്നവർക്കു നന്മ ചെയ്യുവീൻ; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; നിങ്ങളെ നിന്ദിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ. നിന്നെ ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുക"(വി.ലൂക്കോ.6:27–29). "ഞാനോ നിങ്ങളോടു പറയുന്നു നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവീൻ" (വി. മത്തായി 5:44).

(e) "നിങ്ങൾ മനുഷ്യരോടു അവരുടെ അതിക്രമങ്ങൾ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങൾ ക്ഷമിക്കാതിരുന്നാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളും ക്ഷമിക്കുകയില്ല (വി. മത്തായി 6:14,15)

"നിങ്ങൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങൾ ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധം ഉണ്ടെങ്കിൽ അവനോട് ക്ഷമിക്കുവീൻ (വി. മർക്കോസ് 11:25).

**(3) സമാധാനം**

"ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം" എന്ന മഹത്സന്ദേശവുമായിട്ടാണല്ലോ യേശുക്രിസ്തു ഈ ലോകത്തിൽ അവതരിച്ചത് (വി ലൂക്കോസ് 2:14).

(a) "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" (വി. മത്തായി 5:9).

(b) "സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്" (വി.യോഹ. 14:27).

വി. കുർബ്ബാന പ്രധാനമായും സമാധാനത്തിന്റെ ബലി ആണല്ലോ.

**(4) കാരുണ്യം, ഔദാര്യം, സൗമ്യത, കരുതൽ**

"കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും" (വി.മത്തായി 8:7). "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും" (വി. മത്തായി 5:5). "അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവീൻ (വി. മത്തായി 6:36).

കാനാവിലെ കല്യാണത്തിനു വീഞ്ഞു തികയാതെ വന്നപ്പോൾ യേശുവിന്റെ മാതാവ് അവനോട് അവർക്കു വീഞ്ഞില്ല എന്നു പറഞ്ഞു. സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്ന് യേശു ആദ്യം പ്രതികരിച്ചെങ്കിലും ഭവനക്കാരുടെ പ്രതിസന്ധിയിൽ അവരോടു കരുണ തോന്നി അവരെ സഹായിക്കാൻ മുന്നിട്ടിറങ്ങി തന്റെ ആദ്യത്തെ അത്ഭുതപ്രവർത്തിയായി വെള്ളം വീഞ്ഞാക്കി തീർത്തു (വി. യോഹ.2:1–11).

**(5) ആത്മാർത്ഥത, സ്വഭാവ നൈർമല്യം**

(a) "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും"(വി.മത്തായി 5:8). കാപട്യക്കാരായ ശാസ്ത്രിമാരെയും പരീശന്മാരെയും ഒരിക്കലും അനുകരിക്കരുതെന്ന് യേശു പ്രബോധിപ്പിച്ചു. തങ്ങൾ എപ്പോഴും വിശുദ്ധിയുള്ളവരും നിർമ്മലരും യഹോവയുടെ ന്യായപ്രമാണത്തെ അക്ഷരംപ്രതി പ്രാവർത്തികമാക്കുന്നവരുമാണെന്ന് യഹൂദ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ അതീവ ജാഗ്രത എപ്പോഴും കാണിച്ചിരുന്ന, ആന്തരിക വിശുദ്ധിയെക്കാൾ ബാഹ്യപ്രകടനങ്ങൾക്ക് പ്രാമുഖ്യം കല്പിച്ച് തങ്ങളുടെ മന്ത്രപ്പട്ടകൾക്കു

വീതികൂട്ടി തൊങ്ങലുകൾ വലുതാക്കി ഉപായരൂപേണ ദീർഘമായി പ്രാർത്ഥിച്ച് ന്യായവും കരുണയും വിശ്വസ്തതയും ത്യജിച്ചു കളഞ്ഞ കുരുടന്മാരായ വഴികാട്ടികളാണ് പരീശന്മാർ എന്നും അവരുടെ പുളിച്ചമാവിനെ സൂക്ഷിച്ചുകൊള്ളണമെന്നും യേശു മുന്നറിയിപ്പു നൽകി.

അതുപോലെ തന്നെ യഹൂദ ജനത്തെ തിരുവചനം പഠിപ്പിക്കുവാനും വിശകലനം ചെയ്യുവാനും തങ്ങൾക്കു മാത്രമേ അധികാരം ഉള്ളൂ എന്നും 'റബ്ബി' എന്നു വിളിക്കപ്പെടുവാൻ തങ്ങൾ മാത്രമാണ് യോഗ്യരെന്നും 'സന്നിദ്രീം സംഘ'ത്തിന്റെ നിയന്ത്രാക്കളായ തങ്ങളാണ് യഹൂദജനത്തിന്റെ ഭാഗധേയം നിയന്ത്രിക്കുക എന്നും സ്വയം അവകാശപ്പെട്ടിരുന്നവരാണല്ലോ ശാസ്ത്രിമാർ. കപടഭക്തിക്കാരായ ഈ രണ്ടു സ്വയം അവരോധിത വർഗ്ഗത്തെയും യേശുവിളിച്ചത് വെള്ളതേച്ച ശവക്കല്ലറകൾ എന്നാണ്.

"അവർ ഭാരമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു. ഒരു വിരൽ കൊണ്ടുപോലും തൊടുവാൻ അവർക്ക് മനസ്സില്ല (വി.മത്തായി 23:4)

**(6) അനീതിക്കും തിന്മയ്ക്കും എതിരായ ശക്തമായ പ്രതികരണം**

എല്ലാ മാനുഷിക നന്മകളുടെയും മകുടോദാഹരണം ആയിരുന്ന മനുഷ്യ പുത്രനായ യേശു സമൂഹത്തിലെ അനീതിക്കും തിന്മകൾക്കും എതിരായി മുഖം നോക്കാതെ ശക്തമായി പ്രതികരിച്ചു.

ജറുശലേം ദേവാലയത്തിൽ കടന്നുചെന്ന യേശു അവിടെ വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കി. നാണയ വിനിമയക്കാരുടെ മേശകളും പ്രാവിനെ വിൽക്കുന്നവരുടെ പീഠങ്ങളും മറിച്ചിട്ടു.

"എന്റെ ആലയം സകല ജനതകൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിതീർത്തു (വി.മർക്കോ 11:15,16, വി.യോഹ.2:13,14).

അങ്ങനെ പരീശന്മാരുടെയും ന്യായശാസ്ത്രിമാരുടെയും കാപട്യത്തെ യേശു കണക്കിനു പരിഹസിച്ചു. നേരത്തെ സൂചിപ്പിച്ചതുപോലെ അവരെ വെള്ളതേച്ച ശവക്കല്ലറകളോട് ഉപമിച്ചു. പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തി സൂക്ഷിച്ചുകൊള്ളുവാൻ അവൻ ശിഷ്യന്മാരെ ഉപദേശിച്ചു.

യേശു പരീശന്മാരോടു പറഞ്ഞു "പരീശന്മാരായ നിങ്ങൾ പാത്രങ്ങളുടെയും തളികകളുടെയും പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളിലോ കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു" (വി.ലൂക്കോസ് 11:39).

പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം. നിങ്ങൾക്ക് പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും പ്രിയമാകുന്നു" (വി.ലൂക്കോസ് 11:43).

ന്യായശാസ്ത്രിമാരായ നിങ്ങൾക്കും അയ്യോ കഷ്ടം. എടുക്കുവാൻ പ്രയാസമുള്ള ചുമടുകൾ നിങ്ങൾ മനുഷ്യരെ കൊണ്ട് ചുമപ്പിക്കുന്നു; നിങ്ങൾ ഒരു വിരൽ കൊണ്ടുപോലും ആ ചുമടുകൾ തൊടുന്നതുമില്ല" (വി. ലൂക്കോസ് 11:46).

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും ആദർശങ്ങളിലും അധിഷ്ഠിതമായിരിക്കുന്ന ക്രൈസ്തവ സഭയുടെ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെയും വിവിധ സഭകളുടെയും അവയുടെയൊക്കെ നേതൃത്വങ്ങളുടെയും വർത്തമാനകാല സ്ഥിതിയും നിലപാടും എന്താണ്? മനുഷ്യപുത്രനായ യേശു തന്റെ ഇഹലോക ജീവിതകാലത്ത് പ്രകടമാക്കിയ ജീവിതമാതൃകയിൽ നിന്നും, ഉപദേശിച്ച മാനുഷിക മൂല്യങ്ങളിൽ നിന്നും എത്രമാത്രം വ്യതിചലിച്ചിരിക്കുന്നു?

(അടുത്ത ലക്കത്തിൽ)

## സന്നദ്ധ സുവിശേഷസംഘത്തിന്റെ പ്രവർത്തനോദ്ഘാടനം



ക്നാനായ അതിഭദ്രാസന സന്നദ്ധ സുവിശേഷസംഘത്തിന്റെ പ്രവർത്തനോദ്ഘാടനം പുല്ലരിക്കുന്ന് കുരിശുപള്ളിയിൽ സമുദായ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ നിർവ്വഹിച്ചു. രാവിലെ മുതൽ വൈദികർ ഭവനസന്ദർശനം നടത്തി. അഭി. തിരുമേനിയുടെ നേതൃത്വത്തിൽ സന്ധ്യാനമസ്ക്കാരം നടത്തി. വൈദികരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടത്തപ്പെട്ടു. റവ. ഫാ. മോനായി ഫിലിപ്പ് കർക്കടകം പള്ളി, ഫാ. തോമസ്കുട്ടി മങ്ങാട്ട്, ഫാ. സിജിൽ ജോസ് വിലങ്ങൻപാറ, ഫാ. ലിജോ ജോസഫ് പട്ടുകാലായിൽ എന്നിവർ പ്രസംഗിച്ചു.



**എബി**

# ശ്രീരാമകൃഷ്ണ പരമഹംസൻ ഗുരു ശ്രേഷ്ഠനായ സന്യാസി

**"നിങ്ങളുടെ ഗുരുവിനെ ആരെങ്കിലും നിന്ദിക്കയാണെങ്കിൽ അതിനു ചെവികൊടുക്കരുത്. അദ്ദേഹം നിങ്ങളുടെ അച്ഛനമ്മമാരേക്കാൾ ശ്രേഷ്ഠനാണ്"**

ആധുനിക ഭാരതത്തിലെ അദ്ധ്യാത്മീയാചാര്യന്മാരിൽ അതിശ്രേഷ്ഠനായ ശ്രീരാമകൃഷ്ണന്റെ വചനമാണിത്. ശ്രേഷ്ഠനായ ഗുരുവിന്റെ ഉത്തമനായ ശിഷ്യൻ. അതായിരുന്നു ശ്രീരാമകൃഷ്ണനും വിവേകാനന്ദനും തമ്മിലുള്ള ബന്ധം. തന്നെ പരീക്ഷിക്കാനെത്തിയ നരേന്ദ്രൻ എന്ന യുവയുക്തിവാദിയെ അദ്ദേഹം തന്റെ പ്രഥമ ശിഷ്യനാക്കി. ആ യുവാവാണ് പിന്നീട് ഭാരതീയ നവോത്ഥാനത്തിന്റെ നായകനായ സ്വാമി വിവേകാനന്ദനായി വളർന്ന് വിശ്വപ്രസിദ്ധി നേടിയത്.



ശ്രീരാമകൃഷ്ണന്റെ ജനനം ബംഗാളിലെ ഹൂഗ്ലി ജില്ലയിൽ കമാർ പുക്കൂർ എന്ന ഗ്രാമത്തിലെ ഒരു ദരിദ്ര ബ്രാഹ്മണ കുടുംബത്തിലായിരുന്നു. 1836 ഫെബ്രുവരി 17 ന് ജനിച്ച അദ്ദേഹത്തിന്റെ മാതാപിതാക്കൾ വിഷ്ണുഭക്തരായ ചന്ദ്രമണി ദേവി, ഖുദിറാം ചാറ്റർജി എന്നിവരായിരുന്നു. 'ഗദാധർ' എന്നു പേരുള്ള അദ്ദേഹത്തെ ചെറുപ്പത്തിൽ 'ഗദായ്'എന്ന് വിളിച്ചു വന്നു. അസാമാന്യ ഓർമ്മശക്തിയുള്ള ബാലൻ ബാല്യത്തിൽ തന്നെ പഠിത്തത്തിൽ മികവ് കാട്ടി. രാമായണവും, മഹാഭാരതവും സ്തോത്രങ്ങളുമെല്ലാം മനഃപാഠമാക്കി. ഈശ്വരഭക്തിയിലും അദ്ധ്യാത്മിക ചിന്തയിലും മുഴുകി കഴിയുന്നതായിരുന്നു ഇഷ്ടം. എങ്കിലും കലാരംഗത്തും ഗദാധർ താല്പര്യം കാണിച്ചു. വീടിനടുത്തുള്ള നാടകസംഘത്തിലും കുറെ നാൾ പ്രവർത്തിച്ചു.

പിതാവിന്റെ മരണശേഷം ചില കുടുംബ ക്ഷേത്രങ്ങളിലെ പൂജാരിയായിട്ടാണ് അദ്ദേഹം കുറെ നാൾ കഴിച്ചുകൂട്ടിയത്. ആയിടയ്ക്കാണ് വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഗദാധർ അഞ്ചുവയസ്സുള്ള ശാരദാദേവി എന്ന ബാലികയെ വിവാഹം കഴിക്കുന്നത്. മുതിർന്നപ്പോഴും അവർക്കു തമ്മിൽ ഭാര്യാഭർതൃബന്ധം ഉണ്ടായിരുന്നില്ല. സ്വന്തം ഭാര്യയെ ദേവീമാതാവിന്റെ പ്രതിരൂപമായിട്ടാണ് മരണം വരെയും അദ്ദേഹം കണ്ടത്. അവരെ അമ്മയെന്നർത്ഥമുള്ള 'മാ' എന്നാണ് അദ്ദേഹം സംബോധന ചെയ്തിരുന്നത്.

1866 ൽ ഗദാധർ ദക്ഷിണേശ്വരത്തെ കാളി ക്ഷേത്രത്തിൽ പുരോഹിതനായി. ഹിന്ദുമതത്തിലെ വിവിധ മാർഗ്ഗങ്ങൾ പരിചയിക്കുകയും പരീക്ഷിച്ചറിയുകയും ചെയ്തു. ആ സമയത്ത് ഗദാധറിന് വേദാന്തം പഠിപ്പിച്ചുകൊടുത്ത തോതാപുരി എന്ന ആചാര്യനിൽനിന്ന് സന്യാസം സ്വീകരിച്ചു. അദ്ദേഹം തന്നെയാണ് രാമകൃഷ്ണൻ എന്ന പേരു നൽകിയതും. പിന്നീട് 'ഭൈരവി ബ്രാഹ്മണി' എന്ന സന്യാസിനിയിൽ നിന്നും ഭാരതീയ മതങ്ങളെക്കുറിച്ചും തത്വചിന്തകളും പഠിച്ചു. ക്രിസ്തുമതവും ഇസ്ലാംമതവും അദ്ദേഹം പരിശീലിക്കുകയും എല്ലാ മതങ്ങളുടെയും സാരം ഒന്നുതന്നെയാണെന്ന പരമതത്വം മനസ്സിലാക്കുകയും ചെയ്തു. ഗഹനമായ വേദാന്ത തത്വങ്ങൾ സരളമായി ആളുകൾക്ക് പറഞ്ഞു കൊടുക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ ഭക്തിയും ആത്മീയ ജ്ഞാനവും ആളുകളെ ആകർഷിച്ചു. ശ്രീരാമകൃഷ്ണ പരമഹംസൻ (ശ്രേഷ്ഠനായ സന്യാസി) എന്ന പേരിൽ അദ്ദേഹം അറിയപ്പെടാൻ തുടങ്ങി. കേശവചന്ദ്രസെൻ, വിജയകൃഷ്ണ ഗോസ്വാമി, ഗിരീഷ്ചന്ദ്രഘോഷ് തുടങ്ങിയ മഹാത്മാക്കൾ ശ്രീരാമകൃഷ്ണന്റെ ആരാധകരായി മാറി.

1881 ലാണ് 'നരേന്ദ്രദത്ത' എന്ന യുവാവ് ശ്രീരാമകൃഷ്ണനെ കാണാനെത്തിയത്. അദ്ദേഹത്തെ പരീക്ഷിക്കാനെത്തിയ ആ യുക്തിവാദി ശിഷ്യനായിട്ടാണ് മടങ്ങിയത്. ആ യുവാവാണ് ഭാരതത്തിന്റെ ആത്മീയ തേജസ്സായും കർമ്മയോഗിയായും പിന്നീട് ലോക പ്രശസ്തനായ സ്വാമി വിവേകാനന്ദൻ.

തങ്ങളുടെ പ്രശ്നപരിഹാരങ്ങൾക്ക് സാമാന്യ ജനങ്ങൾപോലും സ്വാമിജിയെ സന്ദർശിച്ചിരുന്നു. ഒരിക്കൽ അമിതമായി 'രസഗുള' (ബംഗാളിലെ വിശിഷ്ടമായ മധുര പലഹാരം) കഴിക്കുന്ന കുട്ടിയെ കൂട്ടി ഒരു സ്ത്രീ ശ്രീരാമകൃഷ്ണനെ സമീപിച്ചു. അവനെയൊന്ന് ഉപദേശിച്ച് രസഗുള തീറ്റി നിറുത്തണമെന്ന് അപേക്ഷിച്ചു. പത്തുദിവസം കഴിഞ്ഞ് വരാൻ സ്വാമിജി നിർദ്ദേശിച്ചു. കാരണം സ്വയം രസഗുള കഴിക്കുന്ന താൻ അത് കഴിക്കരുതെന്ന് മറ്റൊരാളെ എങ്ങനെ ഉപദേശിക്കും. പത്തുദിവസം കൊണ്ട് രാമകൃഷ്ണ പരമഹംസൻ രസഗുള നിശ്ശേഷം ഉപേക്ഷിച്ചു എന്നിട്ടാണ് ആ കുട്ടിയെ ഉപദേശിച്ചത്. (ഈ സംഭവം മഹാത്മാ ഗാന്ധിജിയുടേതായി പലരും പ്രസംഗിച്ചു കേട്ടിട്ടുണ്ട്).

*ശേഷം 24 – ാം പേജിൽ*



# കോപം

**സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ, നീലംപേരൂർ**

**കോപിച്ചാൽ പാപം ചെയ്യാതിരിപ്പീൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ പാപം വച്ചുകൊണ്ടിരിക്കരുത് (എഫെസ്യർ 4:26).**

ഒരിക്കൽ ഒരിടത്ത് വിശുദ്ധ ജീവിതം നയിച്ച ഒരു സന്യാസി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആശ്രമവാസികളും നാട്ടുകാരുംകൂടി ഒരു അനുമോദന സമ്മേളനം നടത്തി. അവിടെ കൂടിയിരുന്ന വിശിഷ്ടാതിഥികളെല്ലാം ആ സന്യാസി ശ്രേഷ്ഠന്റെ നിരവധി ഗുണങ്ങളേയും കഴിവുകളേയും പറ്റി സംസാരിച്ചു. എന്നാൽ ഒരു പ്രാസംഗികൻ ഇങ്ങനെയാണ് പറഞ്ഞത്. നമ്മുടെ ആദരണീയനായ സന്യാസി വര്യന് എല്ലാവിധ ഗുണങ്ങളുമുണ്ട്. എന്നാൽ ഒരു കാര്യത്തിൽ മാത്രം ഒരു പോരായ്മ കാണുന്നുണ്ട്. അദ്ദേഹത്തിന് മുൻകോപം അല്പം കൂടുതലുണ്ട്.

പ്രാസംഗികൻ ഇത് പറഞ്ഞു കഴിഞ്ഞതും സന്യാസി പെട്ടെന്ന് ചാടി എഴുന്നേറ്റ് ദേഷ്യത്തോടെ ചോദിച്ചു; ആരു പറഞ്ഞെടാ എനിക്ക് മുൻകോപമുണ്ടെന്ന്? സദസ്സ് ആകെ നിശ്ശബ്ദമായി. തനിക്ക് മുൻകോപമുണ്ടെന്ന് ഒരിക്കലും സന്യാസിശ്രേഷ്ഠൻ മനസ്സിലാക്കിയിരുന്നില്ല. പക്ഷേ യാഥാർത്ഥ്യം അതാണെന്ന് അയാളുടെ പ്രവൃത്തി തന്നെ തെളിയിച്ചു.

ജീവിതത്തിൽ ഒരിക്കലെങ്കിലും കോപിച്ചിട്ടില്ലാത്ത ആരെങ്കിലുമുണ്ടോ? ദൈവംപോലും കോപിക്കുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുള്ളതായി ബൈബിളിൽ കാണാം. ആ കോപം പാപാവസ്ഥയിലുള്ളതല്ലായിരുന്നുതാനും, പക്ഷേ അനിയന്ത്രിതമായ അകാരണമായ കോപം മനുഷ്യനെ നാശത്തിലേയ്ക്ക് നയിക്കും.

കോപം അഗ്നിപോലെയാണ്. കോപം കൊണ്ടു ജ്വലിക്കുന്നു എന്നാണല്ലോ നാം വിശേഷിപ്പിക്കുന്നത്. കോപം വന്നുകഴിയുമ്പോൾ ചിലർ വിറയ്ക്കും. പല്ലുകടിക്കും ഞരമ്പുകൾ എഴുന്നുനില്ക്കും. മുഖഭാവം മാറും. അടുത്തു ചെന്നാൽ കടിച്ചുകീറും എന്ന അവസ്ഥയായിരിക്കും. കോപത്താൽ എന്തെല്ലാം വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളാണ് മനുഷ്യൻ ചെയ്യുന്നത്.

പിന്നീട് എത്ര പശ്ചാത്തപിച്ചാലും നഷ്ടപ്പെട്ടതൊന്നും തിരിച്ചുകിട്ടുകയില്ല. കോപത്തോടെ നമ്മൾ പറയുന്ന വാക്കുകൾ എത്ര മാപ്പു ചോദിച്ചാലും അതുണ്ടാക്കിയ മുറിവുകൾ മായിച്ചുകളയുകയില്ല.

ഒരിക്കൽ എപ്പോഴും ദുഃശാഠ്യമുള്ള ഒരു ബാലനുണ്ടായിരുന്നു. ദേഷ്യം വരുമ്പോൾ അവൻ എല്ലാം വലിച്ചെറിയുകയും ചീത്തവിളിക്കുകയും ചെയ്യും, ദേഷ്യം എല്ലാം മാറിക്കഴിയുമ്പോൾ താൻ വേദനിപ്പിച്ചവരോട് സോറി പറയുകയും ചെയ്യും. ഒരു ദിവസം അവന്റെ അപ്പൻ അവന്റെ കൈയ്യിൽ കുറെ ആണികളും ഒരു ചുറ്റികയും കൊടുത്തുകൊണ്ട് പറഞ്ഞു, കോപം വരുമ്പോഴൊക്കെ ആ മരപ്പലകയിൽ കഴിയാവുന്നത്രയും ആണികൾ അടിച്ചുകയറ്റുക. ബാലൻ അപ്പൻ പറഞ്ഞതുപോലെ തന്നെ ചെയ്തു. ദേഷ്യം വരുമ്പോഴൊക്കെ പലകയിൽ ആണികൾ അടിച്ചുകയറ്റി. കൂടുതൽ ദേഷ്യം വരുമ്പോൾ കൂടുതൽ ശക്തിയോടെ ഒരു ദിവസം അമ്പതോളം ആണികൾ പലകയിൽ തറച്ചു. പിന്നീടുള്ള ദിവസങ്ങളിൽ അതിന്റെ എണ്ണം കുറഞ്ഞുവന്നു. സാവധാനം അവന്റെ ആ സ്വഭാവം ഇല്ലാതായി. അതോടുകൂടി ആണിയടിയും നിന്നു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അപ്പൻ മകനോടു പറഞ്ഞു; ഇനി ഒരു കാര്യം ചെയ്യുക. പലകയിൽ അടിച്ചുകയറ്റിയ ആണികൾ എല്ലാം പിഴുതെടുക്കുക. അവൻ എല്ലാം പിഴുതെടുത്തു. ആണികൾ എല്ലാം നീക്കിയെങ്കിലും പലകയിൽ വീണ തുളകൾ എല്ലാം അവിടെ തന്നെ കാണുന്നില്ലേ? അതുപോലെതന്നെയാണ് നമ്മൾ ദേഷ്യത്താൽ എന്തെങ്കിലും വേദനിപ്പിക്കുന്ന തരത്തിൽ പ്രവൃത്തിക്കുകയോ പറയുകയോ ചെയ്യുമ്പോൾ സംഭവിക്കുക. പിന്നീട് എത്ര സോറി പറഞ്ഞാലും കോപത്തോടെയുള്ള പെരുമാറ്റത്തിന്റെ മുറിവ് മായാതെ, മങ്ങാതെ മനസ്സിൽ കിടക്കും.

എന്തുകൊണ്ടാണു നമ്മൾ ദേഷ്യപ്പെടുക? നമുക്ക് ഇഷ്ടമില്ലാത്തത് കാണുകയോ കേൾക്കുകയോ ചെയ്യുമ്പോഴാണ് സാധാരണ ദേഷ്യം തോന്നുക. എനിക്ക് ഇഷ്ടമില്ല എന്നു കരുതി മറ്റുള്ളവർ പറയുന്നതും പ്രവർത്തിക്കുന്നതും തെറ്റാകണമെന്നില്ലല്ലോ. ഞാൻ ചിന്തിക്കുന്നതുപോലെ മറ്റുള്ളവരും ചിന്തിക്കണം പ്രവർത്തിക്കണം എന്നു പറയുവാൻ എനിക്ക് എന്ത് അവകാശമാണുള്ളത്. കോപത്തിന് പല മുഖങ്ങളുണ്ട്. നിരാശ, പക, ക്ഷമയില്ലായ്മ, അപമാനിക്കൽ, വെറുപ്പ്, പ്രതികാരം എന്നിവയൊക്കെ കോപമാകുന്ന പാപത്തിന്റെ അടയാളങ്ങളാണ്.

ഒരു നല്ല മനുഷ്യൻ ഒരിക്കലും കോപിക്കരുത് എന്ന് ആരും പറയുകയില്ല, കാരണം ചില കാര്യങ്ങളിൽ നമ്മൾ ദേഷ്യപ്പെടണം. അതിന്റെ പ്രധാനപ്പെട്ട ഒന്ന് അനീതിക്കെതിരായ ദേഷ്യമാണ്. തെറ്റിനെ നമ്മൾ വെറുക്കണം. യേശു കോപിച്ചത് അത്തരമൊരു അവസരത്തിലാണ്. ദേവാലയത്തിൽ വിൽക്കുന്നവരെയും കൊടുക്കുന്നവരേയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളേയും പ്രാവുകളെ വില്ക്കുന്നവരുടെ പീഠങ്ങളേയും മറിച്ചുകളഞ്ഞു. അവരോടു എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിതീർത്തിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 21:12-13).

മറ്റൊരവസരത്തിൽ യേശു ദേഷ്യപ്പെട്ടത് പരീശന്മാരുടെ ഹൃദയകാഠിന്യത്തെ കണ്ടാണ്. ശാബതിൽ വരണ്ട കയ്യുള്ള ഒരു മനുഷ്യനെ സൗഖ്യമാക്കുന്ന അവസരത്തിൽ അവരുടെ ഹൃദയ കാഠിന്യത്തിൽ ദുഃഖിച്ച് അവരെ ക്രോധത്തോടെ നോക്കിക്കൊണ്ട് യേശു അവന് രോഗശാന്തി നൽകി. (മർക്കോ. 3:5).

എങ്ങനെയാണ് കോപത്തെ നേരിടുക, പ്രകോപനകരമായ അവസരത്തിൽ സമചിത്തത കൈവിടാതെ ആത്മസംയമനം പാലിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നത് വലിയ അനുഗ്രഹമാണ്. ക്ഷമയുടെ ഏറ്റവും വലിയ മാതൃക യേശുവും മാതാവും തന്നെയാണ്. തന്നെ ക്രൂശിച്ചവരോടുപോലും യേശു ക്ഷമിക്കുന്നു. "പിതാവെ അവരോടു ക്ഷമിക്കേണമേ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" എന്നു പറയുവാൻ യേശുവിനല്ലാതെ ആർക്കാണ് സാധിക്കുക. തന്റെ പുത്രനെ ക്രൂശിച്ചവരോടും മാതാവു ക്ഷമിക്കുന്നു.

പ്രകോപനകരമായ സാഹചര്യത്തിൽ സമന്വയം പാലിച്ച വ്യക്തിയാണ് ശ്രീബുദ്ധൻ. ഒരിക്കൽ ഒരാൾ അദ്ദേഹത്തെ ഒത്തിരി അധിക്ഷേപിച്ച് സംസാരിച്ചു. ബുദ്ധൻ ഒന്നും മിണ്ടാതെയിരുന്നു. അദ്ദേഹത്തിന്റെ അനുയായി ചോദിച്ചു. താങ്കളെന്തിനാണ് ഒന്നും മിണ്ടാതെയിരുന്നത്. ബുദ്ധന്റെ മറുപടി ഇതായിരുന്നു. ഒരാൾ ഒരു സമ്മാനം തരുകയാണെന്ന് കരുതുക. നമ്മൾ അത് സ്വീകരിക്കുന്നില്ലെങ്കിൽ അത് ആരുടേതായിരിക്കും.

"തന്ന ആളുടേതുതന്നെ."

അതുതന്നെയാണ് ഞാനും ചെയ്തത്. അയാൾ എനിക്ക് നൽകിയ ചീത്തവാക്കുകൾ ഒന്നും ഞാൻ സ്വീകരിച്ചില്ല, അപ്പോൾ അത് അയാളുടേത് തന്നെയല്ലേ?

മഹാന്മാർക്കു മാത്രമേ ഇത്തരത്തിൽ ചിന്തിക്കാൻ സാധിക്കുകയുള്ളൂ. നമുക്കും നമ്മുടെ അനിയന്ത്രിതമായ കോപത്തെ ക്ഷമയെന്ന പുണ്യം വഴി ശമിപ്പിക്കാൻ ശ്രമിക്കാം. കോപത്തോടെയുള്ള നമ്മുടെ വാക്കുകളും പ്രവൃത്തികളും ആരെയെങ്കിലും മുറിപ്പെടുത്തുകയോ അവരെ നമ്മിൽ നിന്ന് അകറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരോടു മാപ്പു ചോദിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

"നമുക്ക് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് ഇടപെടാം. കാരണം, പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ്" വി. മദർ തെരെസാ.

## ശ്രീരാമകൃഷ്ണ... (പേജ് 22 തുടർച്ച)

സ്വാമി വിവേകാനന്ദൻ ശ്രീരാമകൃഷ്ണന്റെ ശിഷ്യത്വം സ്വീകരിച്ച് ഗുരുവിന്റെ സന്ദേശങ്ങൾ ലോകമെമ്പാടും പ്രചരിപ്പിച്ചു. അതിനുവേണ്ടി വിവേകാനന്ദൻ സ്ഥാപിച്ച സംഘടനയാണ് 'ശ്രീരാമകൃഷ്ണമിഷൻ'. 1887 മെയ് 1 ന് ബൽറാം ബോസിന്റെ കൊൽക്കത്തയിലെ വസതിയിൽ ചേർന്ന യോഗത്തിലാണ് സംഘടന പിറവിയെടുത്തത്. ഈശ്വരനെ സേവിക്കാനുള്ള മാർഗ്ഗം മനുഷ്യനെ സേവിക്കലാണ് എന്നതാണ് ശ്രീരാമകൃഷ്ണന്റെ സന്ദേശം.

സമൂഹശ്രേയസ്സിനു വേണ്ടിയുള്ള കർമ്മങ്ങളാണ് ഈശ്വര സാക്ഷാൽക്കാരത്തിനു മാർഗ്ഗം എന്നതായിരുന്നു ശ്രീരാമകൃഷ്ണ പരമഹംസന്റെ ദർശനങ്ങളുടെ കാതൽ. ഭാരതത്തിലുദിച്ച ഈ അദ്ധ്യാത്മിക ജ്യോതി ശ്രീരാമകൃഷ്ണമിഷന്റെ പ്രവർത്തനങ്ങളിലൂടെ ലോകമെങ്ങും വ്യാപരിച്ചുകിടക്കുന്നു.

1885 ൽ തൊണ്ടയിലുണ്ടായ ഒരു മുഴ അദ്ദേഹത്തെ രോഗബാധിതനാക്കി. പിന്നീടത് ത്രോട്ട് കാൻസറായി മാറി. 1886 ഓഗസ്റ്റ് 16 ന് കോസിപൂരിലെ ഗാർഡൻ ഹൗസിൽവച്ച് ശ്രീരാമകൃഷ്ണ പരമഹംസൻ എന്ന സന്യാസിവര്യൻ സമാധിയടഞ്ഞു.

കവിത

# ജീവിതം ചിട്ടപ്പെടുത്തു

**ജെയിനമ്മ മർക്കോസ്, നടുവിലേപറമ്പിൽ**

പാപത്തിൽ നിന്നും മുക്തി നേടാൻ
എൻ മനം വെമ്പൽ കൊണ്ടിടുന്നു
മനസ്സിലെ ദുഷ്ടത മായ്ച്ചിടുവാൻ
ഈശന്റെ അഗ്നി അയച്ചിടുക! (2)

ഹൃദയം ദൈവത്തിലർപ്പിച്ചുകൊണ്ട്
ദിവ്യബലിയിൽ പങ്കെടുക്കൂ!
ദിവ്യകാരുണ്യം ഇറങ്ങിവന്ന്
ജീവിതം സന്തോഷം ആക്കിടുമേ

ഏലിയാവിൻ യാഗത്തിൽ തീയിറങ്ങി
അഹറോന്റെ യാഗത്തിൽ തീയിറങ്ങി
ശൽമോന്റെ യാഗത്തിൽ തീയിറങ്ങി
എന്നുടെ യാഗത്തിൽ തീയിറക്കൂ!

നിർദ്ദോഷിയെ ഇരുട്ടത്തയയ്ക്കരുതേ
ശാപത്തിൻ കരിനിഴൽ വീണിടുമേ
ദരിദ്രന്റെ കണ്ണീരും വിധവയുടെ കണ്ണീരും
ഭൂമിയിൽ നിന്നു നിലവിളിക്കും

ലൈംഗിക പാപത്തിനടിമയാം മക്കളേ
ലോകം നിന്നെ തള്ളിപ്പറയും
'കൃപയില്ലാ' മക്കൾ പാപത്തിലോടും
പാപത്തെ ഓർത്തു കരഞ്ഞിടുക (2)

ലോകത്തിൻ മേളത്തിൽ ഓടിക്കിതയ്ക്കുന്ന
യൗവ്വനക്കാരേ ഒന്നു, നിന്നു കേൾക്കൂ
കല്പനയൊക്കെ പാലിച്ചില്ലെങ്കിൽ
ക്ഷണികമാം ജീവിതം വ്യർത്ഥമാകും (2)

ഹൃദയം പവിത്രം ആക്കിടുവാൻ
മനുഷ്യശക്തിയ്ക്കു സാദ്ധ്യമല്ല
ആരാധന ഉള്ളിൽ നിറഞ്ഞുകവിയുമ്പോൾ
ഹൃദയം പവിത്രം ആയിടുമേ

ആസക്തി തന്നു പാട്ടിലാക്കാൻ
സാത്താൻ തന്ത്രം മെനഞ്ഞിടുന്നു
ബലഹീന മക്കളെ തേടിപ്പിടിച്ചു
നാശത്തിൽ ചേറ്റിൽ എറിഞ്ഞിടുന്നു

വചനം ഭക്ഷിച്ചു വളരുന്ന മക്കൾ
അന്യോന്യം സ്നേഹം പങ്കുവെച്ച്
ജ്ഞാനത്തികവിൽ വളർന്നുകൊണ്ട്
മാതാപിതാക്കൾക്ക് സന്തോഷമേകും (2)

കുടുംബത്തിൻ താളം ചിട്ടപ്പെടുത്താൻ
ഉത്തരവാദിത്വം ഏറ്റെടുത്ത്
വിധേയത്വമുള്ള ഭാര്യയുമായി
കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചിടൂ.




# ‘മിസ്സിസ് ഇന്ത്യ ഗ്ലോബൽ സൗന്ദര്യകിരീടം’

**ആലിച്ചൻ ആറൊന്നിൽ (ക്നാനായ കമ്മറ്റി മെമ്പർ)**

2019 നവംബർ 30ന് ഡൽഹിയിൽ വച്ച് നടന്ന വി.ജി. മിസ്സിസ് ഇന്ത്യാ 2019-20, പ്രീമിയർ സൗന്ദര്യ മത്സരത്തിന്റെ ഫൈനൽ റൗണ്ടിൽ ഏഞ്ചലാ മേലേൽ (സിവിൽ എഞ്ചിനീയർ, ദുബായ്), വി.ജി. മിസ്സിസ് ഇന്ത്യാ ഗ്ലോബൽ കിരീടം നേടി. കൂടാതെ മിസ്സിസ് കേരള 2019-20, മിസ്സിസ് സ്പെക്ടാകുലർ ഐസ് എന്നീ പദവികളും കരസ്ഥമാക്കി. ഈ പദവികൾ കൈവരിക്കുന്ന ആദ്യ മലയാളിയാണ് ഏഞ്ചലാ മേലേൽ. ഇത്തരത്തിൽ തണലും സുഗന്ധവും നൽകുന്ന പൂമരങ്ങൾക്കായി നാം ദൃഷ്ടികൾ ഉയർത്തുന്നു. ഈ പൂമരങ്ങൾ നമ്മുടെ സാമൂഹിക ജീവിതത്തിൽ അപൂർവ്വ സൗഭാഗ്യങ്ങളാണ്. ഇത്തരത്തിലുള്ള പൂമരങ്ങളാണ് നമ്മുടെ സമുദായത്തിലും ഇടവകകളിലും ശ്രദ്ധേയമായി കടന്നു വരേണ്ടത്. നാം അതിനെ പ്രോത്സാഹിപ്പിക്കുവാൻ ഒരുക്കമുള്ളവരായിരിക്കണം. ദൈവം നമുക്ക് തന്നിരിക്കുന്ന കഴിവുകളെ നാം ശരിയായി മനസ്സിലാക്കാത്തതും അവയെ വേണ്ട വിധത്തിൽ ഉപയോഗിക്കാത്തതുമാണ് നമ്മുടെ പരാജയം. നമ്മുടെ ചൈതന്യത്തേയും നൈസർഗിക സിദ്ധികളേയും തട്ടി ഉണർത്താനുള്ള അവസരങ്ങളായി നാം കാണണം. **“നല്ലതുമാത്രം വിചാരിക്കുക, നല്ലതിനുവേണ്ടി പ്രയത്നിക്കുക, നല്ലതു വരുമെന്ന് പ്രതീക്ഷിക്കുക”**. വിശ്വാസമുള്ളവർക്ക് അസാദ്ധ്യമായത് ഒന്നുമില്ലെന്നും ഏഞ്ചലാ തെളിയിച്ചിരിക്കുന്നു. സ്വന്തം കഴിവിലും സ്വന്തം മേഖയിലുമുള്ള വിശ്വാസം. ആ കഴിവ് ഉപയോഗിച്ച് വിജയം നേടാമെന്നുള്ള ആത്മബോധം, സ്ഥിരോത്സാഹം ഇതെല്ലാം ഏഞ്ചലായുടെ കൂടപ്പിറപ്പായിരുന്നു. ഇത്തരത്തിൽ വിവിധ കഴിവുകൾ ഉറങ്ങിക്കിടക്കുന്നവർക്കും ഉണർത്താൻ ശ്രമിക്കുന്നവരുമായവർക്കും ഏഞ്ചലാ ഒരു മാതൃകയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്നാനായദീപം ഇക്കാര്യത്തിൽ നടത്തുന്ന പ്രോത്സാഹനങ്ങളെ ആശംസിക്കുന്നു.

ഏതാണ്ട് ആറു മാസത്തോളം നീണ്ടുനിന്ന കഠിനമായ ഓഡീഷനുകൾക്കും, പരിശീലന സെഷനുകൾക്കും ശേഷം വിവിധ രാജ്യങ്ങളിൽ നിന്നെത്തിയവരിൽ നിന്നും 32 പേരെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുത്തു. തുടർന്ന് ടാലന്റ് റൗണ്ട്, ട്രെഡീഷണൽ റൗണ്ട്, റാമ്പ് വോക്ക് & ക്യാറ്റ് വോക്ക് സ്കിൽസ്, പബ്ലിക് സ്പീക്കിംഗ്, കമ്മ്യൂണിക്കേഷൻ സ്കിൽസ്, സ്റ്റേജ് പ്രെസന്റേഷൻ സ്കിൽസ്, പേഴ്സണൽ സ്റ്റൈൽ, ടൈം മാനേജ്മെന്റ്, ആർട് ഓഫ് മോഡലിംഗ്, ബോഡി ലാംഗുവേജ്, ക്യാമറ ഫെയിസിംഗ് ടെക്നിക്സ്, പെർഫോർമൻസ് അണ്ടർ പ്രഷർ, പോസിറ്റീവ് ബോഡി ഇമേജ്, സെൽഫ് ഗ്രൂമിംഗ്, വാർഡ്റെബ് മാനേജ്മെന്റ്, ഫിനിഷിംഗ് സ്കിൽസ്, ക്വസ്റ്റിയൻ ആൻസർ സെഷൻ, ചാരിറ്റി & സോഷ്യൽ വർക്ക് അസൈമെന്റ് തുടങ്ങി നിരവധി റൗണ്ട് മത്സരങ്ങൾ വിലയിരുത്തിയ ശേഷം, ഈ 32 ഫൈനലിസ്റ്റുകളിൽ നിന്നും ഏഞ്ചലാ മേലേൽ-നെ മിസ്സിസ് ഇന്ത്യാ ഗ്ലോബൽ ആയി പ്രഖ്യാപിക്കുകയായിരുന്നു.

മിസ് വേൾഡ് ഡയനാ ഹൈഡൻ, മുൻ മിസ് വേൾഡ് സൂപ്പർ മോഡൽ പൂജ ബിംറാഗ് (ഇന്റർനാഷണൽ പാജന്റ് കോച്ച്), ഡോ. ജി.ഡി. സിംഗ് ഫൗണ്ടർ & ചെയർമാൻ ഏഷ്യൻ-ആഫ്രിക്കൻ ചേമ്പർ ഓഫ് കോമേഴ്സ് & ഇൻഡ്രസ്ട്രി (AACCI), ശ്രീ. റിസ്വാൻ സാജൻ ഫൗണ്ടർ & ചെയർമാൻ ഡനൂബ് ഗ്രൂപ്പ് തുടങ്ങിയ ലോകപ്രശസ്തരായ ജഡ്ജസ് മത്സരങ്ങൾ വിലയിരുത്തി.

നേരത്തെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ തരംഗമായ "MME തരംഗ് 2019” ജയ്ഹിന്ദ് ടി.വി യുമായി സഹകരിച്ച് മികച്ച മലയാളി മങ്കയെ കണ്ടെത്താൻ ദുബായിൽ വച്ച് നടത്തിയ വാശിയേറിയ മത്സരത്തിൽ 2nd റണ്ണറപ്പ് സ്ഥാനം ഏഞ്ചലാ മേലേലിന്റെ തുടക്കം കുറിച്ചു. ഇത്തരം വേദികളിൽ നിന്നും ലഭിച്ച ആത്മവിശ്വാസം ഗ്ലോബൽ സൗന്ദര്യപ്പട്ടം നേടിയെടുക്കാൻ സഹായിച്ചു. ചെറുപ്പകാലം മുതലുള്ള ഒരു സ്വപ്നമായിരുന്നു ഇവിടെ യാഥാർത്ഥ്യമായത്. ഏഞ്ചലായുടെ ആത്മവിശ്വാസമാണ് ഈ ഗ്ലോബൽ പട്ടത്തിന് ഉടമയാക്കിയത്. കുമാരിയായിരുന്നാലും കുടുംബിനിയായാലും സൗന്ദര്യപട്ടത്തിന് അതിരുകളില്ലെന്ന് ഈ സഹോദരി തെളിയിച്ചിരിക്കുകയാണ്. പ്രവാസി മലയാളി സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെക്കുറിച്ച് (ദുബായിലും) സ്വദേശത്തും വിദേശത്തുമുള്ള പല വേദികളിലും ഏഞ്ചലാ ശക്തമായി പ്രതിഷേധിച്ച് സംസാരിച്ചതും കയ്യടിവാങ്ങിയതും വളരെ ശ്രദ്ധേയമാണ്. തന്റെ ഫാമിലിയുടെ പൂർണ്ണ സപ്പോർട്ട് എല്ലാ മത്സരങ്ങളിലും ഉടനീളം ഏഞ്ചലായ്ക്ക് ലഭിച്ചിരുന്നു. മഴുക്കീർ സെന്റ് മേരീസ് ഇടവകയിൽപ്പെട്ട കുറ്റിക്കാട്ടിൽ ജോസിന്റെ മകൻ റോബിൻ ജോസിന്റെ (ദുബായിൽ ബിസിനസ്സ്) പ്രിയപ്പെട്ട സഹധർമ്മിണിയാണ് ഏഞ്ചലാ. റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽപ്പെട്ട മേലേൽ പ്രൊഫ. വി.ഐ. ചാക്കോ (റോയി സാർ) (റാന്നി സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പാൾ, ഇപ്പോൾ ഇടുക്കി ജവഹർലാൽ നെഹ്റു കോളേജ് ഓഫ് ആർട്സ് & സയൻസ് പ്രിൻസിപ്പാൾ) യുടെയും ഷൈനി റോയിയുടേയും മകളുമാണ്.



# മലർവാടിക്കൂട്ടം

ഒരു മൊട്ടക്കുന്ന് പാറക്കെട്ടുകൾ കൊണ്ട് നിറഞ്ഞ താണ്. ഒഴിഞ്ഞ സ്ഥലങ്ങളിലും പാറകൾക്കിടയിലും പുല്ല് വളർന്ന് നിൽക്കുന്നു. അവിടെ മേഞ്ഞുകൊണ്ട് നിൽക്കുന്ന ഒരു ആടിനെ നോക്കി താഴ്‌വരയിലുള്ള കുറ്റിക്കാട്ടിൽ നിന്ന് ചെന്നായ് നാവിളക്കി.

ഇത്ര ഉയരമുള്ള പാറക്കെട്ടിൽ പോയി എന്തിനു മേയുന്നു. സുഹൃത്തേ കാൽ തെറ്റിയെങ്ങാനും വീണാൽ എല്ലിന്റെ പൊടിപോലും കാണാൻ പ്രയാസമാണ്. മറുപടി ഒന്നും പറയാതെ ആട് മേഞ്ഞ് നിന്നതേയുള്ളു.

തണുത്ത കാറ്റ് തുറന്നടിക്കുന്ന സ്ഥലമാണ്. ആ കാറ്റ് കൊണ്ടാൽ പനി പിടിക്കും. ചെന്നായ വീണ്ടും പറഞ്ഞു. അപ്പോഴും ആട് അത് ശ്രദ്ധിക്കാത്തമട്ടിൽ മേഞ്ഞുകൊണ്ടിരുന്നു.

എടാ ചെകിടാ, ചെന്നായുടെ സ്വരം കനത്തു ഈ താഴ്‌വരയിലേക്ക് വരൂ, നിന്റെ വിശപ്പടക്കാൻ വേണ്ട തിലും അധികം പുല്ല് ഇവിടെയുണ്ട്. അവിടെയുള്ള തിനേക്കാൾ മധുരമുള്ളതാണ്.

ചെന്നായ് സുഹൃത്തേ, ആട് തലയുയർത്തി വിളിച്ചു എന്റെ വിശപ്പടക്കുന്നതിനെപ്പറ്റിയാണോ താങ്കൾ ഇത്ര താല്പര്യത്തോടെ സംസാരിക്കുന്നത്. അതോ താങ്കളുടെ വിശപ്പടക്കുന്നതിനെപ്പറ്റിയാണോ.

സ്വന്തം കാര്യം സാധിക്കുന്നതിനുവേണ്ടി ദുഷ്ടന്മാർ കൂടുതൽ സ്നേഹം കാണിക്കുകയും സൽക്കരിക്കുകയും ചെയ്യും. അപകടം വന്നിട്ടു രക്ഷപെടുന്നതിനേക്കാൾ അപകടം വരാതെ നോക്കുന്നതാണ് നല്ലത്.

സസ്നേഹം

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം യെശയ്യ 35 to 66 മത്തായി. 15 to 28**

1. ''ഇവൻ എന്റെ പ്രിയ പുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, ഇവനു ചെവി കൊടുപ്പിൻ'' ഈ ശബ്ദം കേട്ടത് എവിടെ വച്ച്?
2. മത്സ്യത്തിന്റെ വായിൽനിന്നും കിട്ടിയ പണം ഏതു പേരിൽ വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു?
3. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയ്ക്കുശേഷം എല്ലാവരും കയ്പുനീരു കുടിക്കുന്നു. ഇതിന് ആധാരമായ വി. വേദവാക്യം ഏത്?
4. ദൈവം കുന്നുകളെ തൂക്കിയത് എന്തിനാലാണ്?
5. ശക്തിയെ പുതുക്കുന്നതാര്?
6. അബ്രഹാം ''ദൈവത്തിന്റെ സ്നേഹിതൻ'' എന്നു പ്രവചിച്ച പ്രവാചകൻ ആരാകുന്നു?
7. കാത്തിരുന്നു ശക്തിയെ പുതുക്കി ചിറകടിച്ചുയരുന്ന പക്ഷി ഏത്?
8. ദൈവം നിർജ്ജന പ്രദേശത്തു വെച്ചു പിടിപ്പിച്ചിരിക്കുന്ന മൂന്നു മരങ്ങൾ ഏതെല്ലാം?
9. ജനനത്തിനു മുമ്പേ പേരു പറയപ്പെട്ടതായ 2 രാജാക്കന്മാർ ആരെല്ലാം?
10. ദൈവം ഓമനപ്പേരു ചൊല്ലി വിളിച്ച ഒരു പാർശി രാജാവാര്?

**ഡിസംബർ മാസത്തിലെ ഉത്തരങ്ങൾ**

1. വേഴം (യെശ. 55:6)
2. യെശയ്യാവ് (61:1-13)
3. നീതിയും, സ്തുതിയും (യെശ.61:11)
4. ഹിസ്കിയാവ് (യെശ.37:1)
5. ഹിസ്കിയാവ് (യെശ.38:12)
6. യെശ. 53-ാം അദ്ധ്യായം
7. പത്രോസ് (മത്താ. 16:16)
8. പത്രോസ് (മത്താ. 16:23)
9. ചന്ദ്രരോഗി (മത്താ. 17:15),
(അപസ്മാരം, or (ചുഴലിരോഗം)
10. ഏറ്റവും വലിയവൻ (മത്താ 18:4)

# MRS. INDIA GLOBAL 2019

## ഏഞ്ചലാ റോബിൻ കുറ്റിക്കാട്ടിൽ




നവംബർ 30 ന് ന്യൂഡൽഹിയിൽ വച്ചു നടന്ന **V. G. MRS INDIA** മത്സരത്തിൽ **ഏഞ്ചലാ റോബിൻ MRS INDIA GLOBAL 2019-2020** കിരീടം ചൂടി. ഇതോടൊപ്പം **Mrs. Spectacular Eyes, Mrs. India Kerala** എന്നീ പദവികളും കരസ്ഥമാക്കി. മറ്റ് 31 ഫൈനലിസ്റ്റുകളോടൊപ്പം മത്സരിച്ചാണ് ഈ വിജയം നേടിയത്. മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗമാണ്. ഇപ്പോൾ ദുബായിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന കുറ്റിക്കാട്ടിൽ റോബിൻ ജോസിന്റെ ഭാര്യയും, റാന്നി സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗം മേലേൽ പ്രൊഫ. റോയ് മേലേൽ (മുൻ പ്രിൻസിപ്പൽ, സെന്റ് തോമസ് കോളജ്, റാന്നി) ന്റെയും ഷൈനി റോയിയുടെയും മകളുമാണ്. Nathalia Liz Robin ഏക മകളാണ്.

Best wishes from

**Kuttikkattil and Melel Family Members**

# 50 – ാം വിവാഹ വാർഷികം

**17- 01-2020**



## സി. റ്റി. രാജു & ലീലാമ്മ രാജു

**ചുടുകാട്ടിൽ**
**തിരുവൻവണ്ടൂർ, നന്നാട്**

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

Advt -

# വിരമിച്ചു



Advt -

31 വർഷത്തെ പൗരോഹിത്യ സേവനത്തിനു ശേഷം ഇടവക ശുശ്രൂഷയിൽ നിന്ന് 2019 നവംബർ 30 ന് വിരമിച്ച പാറാനിക്കൽ **ഒ. പി. തോമസ് അച്ചന്** പാറാനിക്കൽ കുടുംബാംഗങ്ങളുടെ പ്രാർത്ഥനാ ആശംസകളും........ഭാവുകങ്ങളും.




# Congratulations

**Diana Abraham** for the successful completion of Bachelor of Laws & Bachelor of Business (Double degree) from Griffith University, Queensland, Australia. Diana is the grand daughter of Late Mrs. & Mr. OI Oonnittan, Othara Puthuvelil house, Aythala, Ranny & Mrs. Mr. V. C. Kuruvilla, Vaniamvakkal house, Mannar and the daughter of Dalia & Lt Col Abraham (Retd). Her brother Aidan is a year 4 student in Australia.

# 50th Wedding Anniversary

**01-02-2020**



## ജോസഫ് തോമസ്
## &
## ലീലാമ്മ ജോസഫ്

**കുന്നശ്ശേരിൽ, കോട്ടയം**

*ആശംസകളോടെ:*

**മക്കൾ:** ജിനോ, സ്മിത, തരുൺ
**മരുമക്കൾ:** സുനിത, ബെൻ, സേറാ } U.S.A
**കൊച്ചുമക്കൾ:** ജോഷ്വാ, ജൂലിയാ, റോണക്ക്, യോഗിത്ത്, ഹാനാ, എമ്മാ

## തകിടിയിൽ യാക്കോബ് കശ്ശീശായുടെ ചരമ സുവർണ്ണ ജൂബിലി സമ്മേളനം



തകിടിയിൽ യാക്കോബ് കശ്ശീശായുടെ ചരമ സുവർണ്ണ ജൂബിലി സമ്മേളനം **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത** ഉദ്ഘാടനം ചെയ്യുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ഫാ. ജേക്കബ് കല്ലുകുളം, അനീഷ് റ്റി.സി. തകിടിയിൽ, ഏബ്രഹാം കെ. മാത്യു, സിബി തോണ്ടുകുഴിയിൽ, സിജോ വാലയിൽ, സിബി തോപ്പിൽ എന്നിവർ സമീപം

## ക്രിസ്തുമസ് നൈറ്റ് 2019 ക്നാനായ കോൺഗ്രസ് റാന്നി മേഖല





ക്നാനായ കോൺഗ്രസ് റാന്നി മേഖല കമ്മറ്റിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് നൈറ്റ് 2019 സെന്റ് തോമസ് വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പ്രോഗ്രാം **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത** ഉദ്ഘാടനം ചെയ്തു.

# വനിതാ സമാജം വാർഷിക സമ്മേളനം



മലങ്കര സുറിയാനി ക്നാനായ മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിൽ നടത്തി. **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ** ഉദ്ഘാടനം ചെയ്തു. **കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ** തുടങ്ങിയവർ സമീപം.


ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ



**1675** – ാം സിറിയൻ ക്നാനായ വാർഷിക സംഗമം

**2020 മെയ് 15,16,17**
(വെള്ളി, ശനി, ഞായർ)

റാന്നി
സെന്റ് തോമസ്
വലിയ പള്ളി
അങ്കണത്തിൽ

*Save the Dates*

**സ്വാഗതം**



## 7 – ാം ചരമവാർഷികം

26 – 01 – 2020



## അമ്മിണി ജോസഫ്

**കോയിക്കൽ, അങ്ങാടി, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -



## 37 – ാം ചരമ വാർഷികം

**29- 01- 2020**

## പി. ഒ. ഏബ്രഹാം

**പള്ളിയമ്പിൽ**

ഫൗണ്ടർ : പോബ്സ് ഗ്രൂപ്പ്, ഓതറ

തിരുവല്ല

Advt - S

## 7 – ാം ചരമ വാർഷികം

31 – 01 – 2020



## V. A. Abraham

**(Rajan Valiyamannil)**

**Ranny**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 3 – ാം ചരമവാർഷികം

14 – 01 – 2020



## ജേക്കബ്കുട്ടി എ. പി.

[റിട്ട. പ്രൊഫസർ, സെന്റ് തോമസ് കോളേജ് റാന്നി (Phy. Dept.)]

**ആനപ്പാറ, ഐത്തല, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*ഭാര്യ* – *അനില*
*മകൻ* – Bovas

Advt -

## 13th Death Anniversary

10 - 12- 2019



**Kunjachen**

## 3rd Birthday in Heaven

29 - 01 - 2020



**Joji P. Abraham**

**Pulanchanaril, Channanikadu**

“നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

Sorrowing Family members

Advt -

## 1 –ാം ചരമ വാർഷികം

10–01–2020



**കെ. ഒ. കുരുവിള (ബാബു)**

**കരിപ്പാലിൽ, ചിങ്ങവനം**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

By Sorrowing Family

Advt -

## 1st Death Anniversary

11–02–2020



**KURUVILLA MATHEW PALAKUDY**

**Tenafly, New Jersey, USA**

Advt -

## 6 –ാം ചരമ വാർഷികം

17–01–2020



### കെ. കെ. ജോൺ (ജോണിക്കുട്ടി)

കമ്പക്കാലുങ്കൽ (പുത്തൻപുരയിൽ)
മാന്നാർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ'

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 10th Death Anniversary

20–01–2020



### K. C. Mathew

Arunodayam Kariyil, Kunnumpurath
Kottayam

Daddy we love you and know that you are safe in the Lord's hands. You will always be on in our hearts.

Inserted by

Marykutty, Arun, Shiny, Tom, Shalini, Kevin, Samantha, Tamsin and Aidan

Advt - R

## 16 –ാം ചരമവാർഷികം

02–01–2020



### ചിന്നമ്മ കുര്യൻ

വാണിയപുരയ്ക്കൽ, ഈര

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 4 –ാം ചരമ വാർഷികം

06-02-2020



### ഏബ്രഹാം സ്കറിയ (ബേബി)

പാട്ടാളശ്ശേരിൽ, വാലടി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 5 – ാം ചരമ വാർഷികം

30 – 01 – 2020



**M. M. മർക്കോസ്**

മാമലതാഴത്ത്, രാമമംഗലം

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 5 – ാം ചരമവാർഷികം

03 – 01 – 2020



**ചിന്നമ്മ കുരുവിള**

തൈക്കുറിഞ്ഞിയിൽ തോപ്പിൽ, തിരുവൻവണ്ടൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

| 27 – ാം ചരമ വാർഷികം | 1 – ാം ചരമ വാർഷികം |
|---|---|
| 27 – 09 – 2020 | 13 – 02 – 2020 |



**കെ. പി. തോമസ്** (ബേബി) **അന്നമ്മ തോമസ്**

കുന്നുകണ്ടത്തിൽ, കുറ്റൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## കാത്തിരിപ്പിന്റെ

| 76 – ാം വർഷം | | 31 – ാം വർഷം |
|---|---|---|
| 15 – 01 – 1944 | D.O.D | 05 – 05 – 1989 |



**E. I. Abraham** **Sosamma Abraham**

Ezhumayil, Channanicadu.

" മഹത്വത്തിന്റെ നാളിൽ
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ കാത്തിരിക്കുന്നു"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 40 – ാം ചരമദിനം

**15- 01-2020**



## അന്നമ്മ കുര്യൻ (92)

**(ബേബിക്കുട്ടി)**

**ആപ്പീസിൽ, കുന്നംകേരി**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൾ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## വേർപാടിന്റെ 3 – ാം വാർഷികം

**09 – 01 – 2020**



## വത്സ ഏബ്രഹാം

**കുട്ടോലമഠം, തിരുവനന്തപുരം**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - B



## 40th Day of Demise

**13 – 01 – 2020**

## Abraham Kuruvilla (60)

**(Avarachen)**

**Palakudiyil House**

**Chingavanam**

